
# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

ഏപ്രിൽ
2011




- ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)
  ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത
- പ. വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടന നക്കൽ (തുടർച്ച)
- ഒന്നാം കാതോലിക്ക
  ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത


പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവ
(ഒന്നാം കാതോലിക്ക )
( മെയ് 3 പാമ്പാക്കുട ചെറിയപള്ളി )

# പ്രദീപ്തി

വാല്യം : 12 ലക്കം : 04 ഏപ്രിൽ 2011





മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ
പുത്തൻകുരിശ് - 682 308
pradeepthi2002@gmail.com


## ദളങ്ങളിൽ


**2** പത്രാധിപക്കുറിപ്പ്
**അന്തിമ വിജയം സത്യത്തിന്**

**3** ഇടയസന്ദേശം
**ദൈവഭക്തിയും ജ്ഞാനവും** (തുടർച്ച)
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത


**7** സഭാ ചരിത്രം
**പ. വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടന നക്കൽ** (തുടർച്ച)

**10** സഭാ പിതാക്കന്മാർ
**ഒന്നാം കാതോലിക്ക**
അഭി. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത

**12** പ്രമാണ ശേഖരം
**പ.ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവയുടെ കല്പന**

**13** പ്രതിധ്വനി
**സഭാ ശുശ്രൂഷയിലെ രണ്ട് പതിറ്റാണ്ടുകളുടെ യാഥാർത്ഥ്യം** (തുടർച്ച)
ഫാ. ജോസ് തോമസ്

**20** **വാർത്തകൾ**


### പത്രാധിപസമിതി

അദ്ധ്യക്ഷൻ
**അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ഉപ അദ്ധ്യക്ഷൻ
**റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

പ്രധാന പത്രാധിപർ
**റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**

നിർവ്വാഹക പത്രാധിപർ
**റവ. ഫാ.റ്റി.പി. കുര്യൻ തളിയച്ചിറ**

ഉപ പത്രാധിപർ
**റവ. ഫാ. വർഗീസ് പി. വർഗീസ്**
**റവ. ഫാ. ജിനോ വർഗീസ്**

പ്രസാധകൻ
**റവ. ഫാ. ഡോ. ഒ. പി. വർഗീസ്**

പ്രചാരകൻ
**റവ. ഫാ. അബ്രാഹാം കെ. ജോൺ**

കാര്യദർശി
**ശ്രീ. ജിത്തു മാത്യു, ഐക്കരക്കുന്നത്ത്**

### ഉപദേശകസമിതി

വെരി. റവ. ഫാ. പി.യു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ
റവ. ഫാ. ഡോ.റ്റി.ജെ. ജോഷ്വ
റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്
റവ. ഫാ. ഡോ. ജേക്കബ് കുര്യൻ
റവ. ഫാ. ഡോ. റ്റി.പി. ഏലിയാസ്
റവ. ഫാ. സി.എം. കുര്യാക്കോസ്
റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ
റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം
റവ. ഫാ. ജോൺ വർഗീസ്
ശ്രീ. ചെമ്മനം ചാക്കോ
ശ്രീ. വർഗീസ് കരിപ്പാടം



| | |
|---|---|
| ഒറ്റപ്രതി | - 10 രൂപ |
| വാർഷികം | - 100 രൂപ |
| 10 വർഷം | - 1000 രൂപ |



# അന്തിമ വിജയം സത്യത്തിന്

*"ദൈവം എഴുന്നേൽക്കുന്നു. അവന്റെ ശത്രുക്കൾ ചിതറിപ്പോകുന്നു. അവനെ പകയ്ക്കുന്നവരും അവന്റെ മുമ്പിൽ നിന്ന് ഓടിപ്പോകുന്നു". (സങ്കീ. 68:1)*

വീണ്ടുമൊരു ഉയർപ്പ് പെരുന്നാളിൽ നാം സംബന്ധിക്കുകയാണ്. തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും മരണത്തെ പരാജയപ്പെടുത്തി, താഴ്മയിലൂടെ എല്ലാ അഹങ്കാരം നിറഞ്ഞ ദുഃഷ്ടശക്തികളെയും പിന്നിലേക്കു ചിതറിച്ചുകൊണ്ട് വീണ്ടും മഹത്വത്തിന്റെ ഉന്നതിയിലേക്ക് പ്രവേശിച്ചവനായ ദൈവപുത്രന്റെ പുനരുത്ഥാന പെരുന്നാളിൽ ഭാഗഭാക്കായിത്തീരുകയാണീ ദിനത്തിൽ.. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം പുലർച്ചെ കല്ലറവാതില്ക്കൽ ചെന്നവർ കണ്ടത് അവിടെ നിന്നും ഉരുട്ടിമാറ്റപ്പെട്ട കല്ലാണ്. ആ കല്ലിനോടൊപ്പം നിത്യമെന്നു തിന്മയുടെ പ്രവർത്തകർ കരുതിയിരുന്ന പലതും നീക്കപ്പെടുകയും അവയുടെ നശ്വരതയെ വെളിവാക്കിത്തരുകയും ചെയ്തു.

**1) സത്യത്തെ മൂടിയിരുന്ന കല്ല് നീക്കപ്പെട്ടു**

യേശുവിനെ മരണത്തിനു വിധിച്ചവർ, സത്യത്തെ എന്നന്നേയ്ക്കുമായി മൂടിവെയ്ക്കാനാണ് ശ്രമിച്ചത്. എന്നാൽ സത്യത്തെ എത്ര തന്നെ മറയ്ക്കുവാൻ ശ്രമിച്ചാലും ഗ്രഹണം കഴിഞ്ഞ സൂര്യനെപ്പോലെ വർദ്ധിച്ച ശോഭയോടെ പുറത്തുവരും. അതിന്മേൽ എത്ര വലിയ കല്ല് എടുത്തുവച്ചാലും അത് നീക്കപ്പെടും. നമ്മുടെ ജീവിതത്തിലും ഇതു യാഥാർത്ഥ്യമാണ്, എണ്ണയിൽ എത്ര മാത്രം വെള്ളം ചേർത്താലും എണ്ണ മുകളിൽ പൊങ്ങിക്കിടക്കുന്നതുപോലെ. സത്യമെന്നത് ഈശ്വരനാണ്. ആ ശക്തിയെ എന്നന്നേയ്ക്കമായി നശിപ്പിക്കാമെന്ന് വ്യാമോഹിക്കുന്നത് മൗഢ്യമാണ്. അതിനാൽ നിത്യ യാഥാർത്ഥ്യമായ സത്യത്തെ പ്രാപിക്കാൻ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. അസതോമ സത്ഗമയ

**2) അന്ധകാരമാകുന്ന കല്ല് നീക്കപ്പെട്ടു**

പ്രകാശത്തെ ഒരു ഗുഹയിൽ ഒതുക്കാമെന്നു വ്യാമോഹിച്ച് ഉരുട്ടിവച്ചിരുന്ന അന്ധകാരമാകുന്ന ഭീകരമായ കല്ല് എന്നന്നേക്കുമായി നീക്കപ്പെട്ടു. അന്ധകാരം നീങ്ങിപ്പോയി പ്രകാശം കടന്നുവന്നു. "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നരുളിച്ചെയ്തവൻ അന്ധകാര ശക്തികളെ തകർത്തുകളഞ്ഞു. "ഏതു മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്ന" (Jn. 1:9) തിനാൽ അന്ധകാരത്തിനു നിലനിൽപ്പില്ലാതായി. ആ നിത്യ പ്രകാശത്തെ നമ്മുടെ ഉള്ളിലേക്ക് കടത്തിവിടുകയാണ് നമ്മുടെ കർത്തവ്യം. അതിനെ തടസ്സപ്പെടുത്തുന്ന കല്ലിനെ നീക്കം ചെയ്ത് വെളിച്ചത്തെ ഉള്ളിൽ കടക്കുവാൻ അനുവദിക്കുക. അതിലൂടെ നാം പ്രകാശിതരായിത്തീരും. യെശയ്യാ പ്രവാചകൻ അതിനായി നമ്മെ ആഹ്വാനം ചെയ്യുന്നു. "എഴുന്നേറ്റു പ്രകാശിക്ക, നിന്റെ പ്രകാശം വന്നിരിക്കുന്നു"(60:1) അതിനായി നമ്മെ ഒരുക്കുകയും നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന കർത്തൃവചനം നമ്മിൽ സാക്ഷാത്കരിക്കപ്പെടുവാൻ നമുക്ക് ഉത്സാഹിക്കുകയും ചെയ്യാം. നൂറ്റാണ്ടുകൾക്കു മുമ്പ് ഭാരതീയ മുനിമാർ പാടിയത് നമുക്ക് ചേർന്നു പാടാം. "തമസ്സോമാ ജ്യോതിർഗമയ".

**3) മരണമാകുന്ന കല്ല് നീക്കപ്പെട്ടു**

കർത്താവായ യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പോടെ മരണമെന്ന കല്ല് എന്നന്നേയ്ക്കുമായി മാറ്റപ്പെട്ടിരിക്കുകയാണ്. അതിന്റെ ഭീമാകാരത്തെ ഇന്ന് ഭയക്കേണ്ട ആവശ്യമില്ല. ജീവന്റെ സ്രോതസ്സായ കർത്താവ് നിത്യജീവനെ പ്രദാനം ചെയ്തിരിക്കുന്നതിനാൽ മൃത്യോാമാ അമൃതംഗമയാ എന്ന പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചിരിക്കുകയാണ്. അതുകൊണ്ട് വിശുദ്ധ പൗലോസ് ചോദിക്കുന്നു. "ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ?" (1 Cor. 15:55). മരണമെന്ന വിഷമുള്ളിനെ ഒടിച്ച് കളഞ്ഞ് നാശകരമായ കുഴിയിൽ നിന്ന് കൈപിടിച്ചു ഉയർത്തിയവനായ ദൈവപുത്രൻ, വിജയശ്രീലാളിതനായി "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു" (Jn. 11:25) എന്ന സത്യം ലോകത്തിനു വെളിപ്പെടുത്തികൊടുത്തിരിക്കുകയാണ്. ആ പുനരുത്ഥാനത്തിൽ പങ്കാളികളാകാനാണ് നമ്മെ ക്ഷണിക്കുന്നത്. ആ സ്വർഗ്ഗീയ വിരുന്നിൽ പങ്കെടുത്ത് ആമോദിക്കുവാനും ആഹ്ലാദിക്കുവാനും ഈ ഉയർപ്പുപെരുന്നാൾ നമുക്കിടയാകട്ടെ. സത്യത്തിനു സാക്ഷികളായിത്തീർന്നുകൊണ്ട് ലോകത്തെ പ്രകാശിപ്പിക്കുവാൻ നമ്മെ സർവ്വശക്തനായ ദൈവം പ്രാപ്തരാകട്ടെ. രാത്രിയിൽ പ്രകാശിക്കുന്ന ചന്ദ്രനെപ്പോലെ നീതിസൂര്യനായ ദൈവത്തിന്റെ പ്രകാശത്താൽ നാം അന്ധകാരം നിറഞ്ഞ ലോകത്തിൽ ആയിരം മടങ്ങുശോഭയോടെ ജ്വലിച്ചുയരട്ടെ. അന്ധകാരം മാറി വെളിച്ചം ലോകത്തിൽ നിറയട്ടെ.

പൂവത്തുങ്കലച്ചൻ

✤

# ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

## (iii) കുമ്പിട്ട് പ്രാർത്ഥിക്കുന്നു

'കുമ്പിടൽ' എന്നത് ശരീരം ബഹുമാനത്തോടും ആദരവോടും വിധേയത്വത്തോടും കൂടി കുനിയ്ക്കുന്നതാണ്. ലോകമതങ്ങളിലെല്ലാം ഒരു ശ്രേഷ്ഠവ്യക്തിയെയോ സമൂഹത്തെയോ ദിവ്യപുസ്തകങ്ങളെയോ ദൈവത്തേയോ ദൈവികവസ്തുക്കളെയോ തലകുനിച്ച് ശരീരം മുന്നോട്ടു വളച്ച് ബഹുമാനിക്കുന്ന പതിവ് അതിപുരാതനമായ ആചാരം ആകുന്നു. വ്യത്യസ്തങ്ങളായ സംസ്ക്കാരങ്ങളിലും പാരമ്പര്യങ്ങളിലും തലകുനിച്ച് ശരീരം വളച്ച് ഭൂമിയോളം മുട്ടിക്കുന്നത് യജമാനബഹുമാനമായി കണക്കാക്കപ്പെട്ടു.

### a) ഉത്ഭവം

ക്രിസ്തുവിന് മുമ്പ് 2698-ൽ ചൈനയിൽ ഉടലെടുത്ത 'ഹാൻ' വർഗ്ഗത്തിന്റെ 'കോവ്റ്റോവ്' (KOWTOW) എന്ന കർമ്മം പ്രായമുള്ളവരോടും യജമാനന്മാരോടും പ്രത്യേകിച്ച് ചക്രവർത്തിയോടും കാണിക്കുന്ന ബഹുമാനത്തിന്റെ ഉത്തുംഗചേഷ്ടയായിരുന്നു. 'കോവ്റ്റോവ് എന്ന വാക്കിന്റെ അർത്ഥം 'തല മുട്ടിക്കുക' എന്നാണ്. മുട്ടുകുത്തി തലകുനിച്ച് നിലത്തു മുട്ടിച്ച് കിടക്കുന്ന രീതിയാണിത്. ഇത് മതാചാരങ്ങളിലും ആരാധനകളിലും കടന്നുകൂടിയത് ദൈവാരാധനയുടെ ഹൃദയംഗമമായ ആവിഷ്ക്കാരമായിട്ടാണ്.

ചൈനയിലെ ചക്രവർത്തി സ്ഥാനാരോഹണം ചെയ്യുമ്പോൾ പ്രജകൾ അദ്ദേഹത്തിന്റെ മുമ്പിൽ മൂന്നുപ്രാവശ്യം കുമ്പിടുകയും ഓരോ കുമ്പിടിലിനും മൂന്നു പ്രാവശ്യം തല നിലത്തു മുട്ടിക്കുകയും (കോവ്റ്റോവ്) വേണം. ഇതാണ് ഒരു പൂർണ്ണ കോവ്റ്റോവ്. അതായത് ഒരേ സമയത്ത് മൂന്ന് കുമ്പിടലും ഒമ്പത് തല മുട്ടിക്കലും. ന്യായാധിപന്റെ മുമ്പാകെ വിസ്തരിക്കപ്പെടുന്ന ആളും മാതാപിതാക്കളുടെ മുമ്പാകെ മക്കളും കൊച്ചുമക്കളും വിവാഹിതരാകാൻ പോകുന്ന മണവാളനും മണവാട്ടിയും ഇപ്രകാരം ആചരിക്കണമെന്ന് ചൈനീസ് മതനേതാവ് കൺഫ്യൂഷിയസ് (551 BC – 479 BC) പഠിപ്പിച്ചിരുന്നു. ശരീരവും മനസ്സും തമ്മിലുള്ള അഭേദ്യബന്ധം കണക്കിലെടുത്ത് ശരീരം കുമ്പിടുമ്പോൾ വിനയവും വിധേയത്വവികാരവും മനസ്സിലേക്ക് സന്നിവേശിക്കപ്പെടുന്നു എന്നായിരുന്നു അദ്ദേഹത്തിന്റെ പഠിപ്പിക്കൽ.

### b) പൗരാണിക മതങ്ങളിൽ

പൗരാണികമതങ്ങളിലെല്ലാം ദൈവതിരുമുമ്പാകെ സ്വയത്തെ ത്യജിക്കുന്ന മനസ്സിന്റെ ഒരുക്കമായി കുമ്പിടലിനെ കണക്കാക്കുന്നു. കടപ്പെട്ട പ്രാർത്ഥനകളിൽ വീഴ്ച വരുത്തുന്നവർ ഒരു പ്രാവശ്യം കുമ്പിടണമെന്ന് ചില പൗരാണികമതബോധനങ്ങളിലുണ്ട്.

#### (i) ബുദ്ധമതത്തിൽ

സംസ്കൃതത്തിൽ കുമ്പിടലിന് നമസ്ക്കാരം എന്നാണ് വാക്ക്. ബുദ്ധനോടും അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളോടും അവരുടെ ആത്മീയസമൂഹത്തോടും ബഹുമാനം കാണിക്കുവാൻ കുമ്പിടൽ നടത്തും. ബഹുമാനം കൊടുക്കുക, വഞ്ചനയിൽ നിന്ന് സ്വയശുദ്ധീകരണം നേടുക, ധ്യാനത്തിനുള്ള ഒരുക്കം, ശുദ്ധകർമ്മങ്ങളുടെ വളർച്ച ഇവയെല്ലാം കുമ്പിടുന്ന ആൾക്കു ഫലപ്രദമായിത്തീരുന്നുവെന്നാണ് ബുദ്ധമതം അനുശാസിക്കുന്നത്. തേർവാദ ബുദ്ധവിഭാഗം 'പഞ്ചാംഗവന്ദന' നടത്തുന്നവരാണ്. രണ്ടു കൈപ്പത്തികളും രണ്ടു കാലിന്റെയും പെരുവിരലുകളും നെറ്റിയും നിലത്തു മുട്ടിച്ചുള്ള കുമ്പിടലാണിത്. എന്നാൽ വിടർന്ന കൈ മലർത്തി നിലത്തുകുത്തിയിരിക്കുന്ന നെറ്റിയുടെ രണ്ടു വശങ്ങളിലായി നിലത്തു വയ്ക്കുമ്പോൾ കൈപ്പത്തിമുതൽ കൈമുട്ടുവരെ നിലത്തു പതിഞ്ഞിരിക്കണമെന്നും കൈമുട്ടുകൾ കാൽമുട്ടുകളോട് തൊട്ടിരിക്കണമെന്നും പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. മുട്ടുകൾ ഒരടി അകലത്തിലായിരിക്കണം. മഹായാന ബുദ്ധവിഭാഗം (സ്സെൻ) അർദ്ധകുമ്പിടലും പൂർണ്ണ കുമ്പിടലും ആചരിക്കുന്നുണ്ട്. ഒമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സ്സെൻ ബുദ്ധവിഭാഗത്തിന്റെ ആചാര്യൻ ഹ്യൂവാങ് പോയുടെ തിരുനെറ്റിയിൽ ശക്തമായ കുമ്പിടൽ മൂലം സ്ഥിരമായ ഒരു ചുവന്ന അടയാളം ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. വജ്രയാന ബുദ്ധവിഭാഗത്തിൽ ധ്യാനത്തിനും പ്രബോധനങ്ങൾക്കും മുമ്പുള്ള ഒരുക്കമായി കുമ്പിടൽ അനുഷ്ഠിച്ചിരുന്നു. ഒരുവന്റെ ശരീരവും സംസാരവും മനസ്സും പ്രവർത്തികൾ മൂലം അശുദ്ധമാക്കപ്പെട്ടതിൽ നിന്ന് ശുദ്ധീകരിക്കപ്പെടുവാൻ കുമ്പിടൽ പ്രയോജനപ്പെടുന്നുവെന്നാണ് കരുതുന്നത്. സാധാരണയായി നിലത്തു ശരീരം മുഴുവനായി കമഴ്ത്തിയിട്ട് കൈകൾ മുന്നോട്ടു നീട്ടിയുള്ളത് പൂർണ്ണ കുമ്പിടലായി കണക്കാക്കുന്നു. ഇത് 3,7,21, 108 പ്രാവശ്യങ്ങൾ ആവർത്തിക്കാറുണ്ട്. തന്ത്രങ്ങൾ പഠിപ്പിക്കുന്നതിന്റെ പ്രാഥമിക നടപടിയായി 10000 കുമ്പിടൽ നടത്തണമെന്നാണ് നിർണ്ണയം. ഇത് അഹങ്കാരത്തെ പൂർണ്ണമായി വിപാടനം ചെയ്യുവാനെന്ന് പഠിപ്പിക്കുന്നു.

#### (ii) ജൈനമതം

ജൈനരുടെ ഇടയിലും ഗുരുക്കന്മാരുടെയോ ശ്രേഷ്ഠരായവരുടെയോ മുമ്പിൽ കുമ്പിടുക എന്നതിന് അവർ വളരെ പ്രാധാന്യം നൽകുന്നുണ്ട്. സ്വയത്തെ നിഗ്രഹിക്കുന്നതിനുള്ള മാർഗ്ഗമായി അവർ അതിനെ കണക്കാക്കുന്നു.

### (iii) ഹിന്ദുമതം

അഷ്ടാംഗപ്രണാമവും പഞ്ചാംഗപ്രണാമവും ഹിന്ദു പൂജകളിലുൾപ്പെടുന്നുണ്ട്. ജീവിതത്തിലെ എല്ലാ നിമിഷങ്ങളിലും ദൈവത്തെ അറിയുവാനുള്ള ആരാധനക്രമമാണ് ഇവർക്കുള്ളത്. അവർക്ക് സ്വന്തഭവനത്തിലോ ക്ഷേത്രത്തിലോ ആരാധന നടത്താം. ഏത് പുതിയ സംരംഭത്തിന് മുമ്പ് പൂജ നടത്തിയിരിക്കണം. പൂജയിലെ 16 കർമ്മങ്ങളിൽ ഒന്നാണ് 'നമസ്ക്കാരം' അഥവാ 'പ്രണാമം' എന്നു പറയുന്നത്. ഇത് ഭവനത്തിലെയോ ക്ഷേത്രത്തിലെയോ മൂർത്തിക്കുമുമ്പിൽ കാഴ്ചകളർപ്പിച്ചശേഷം കുമ്പിടുന്നു. ബുദ്ധവിഭാഗങ്ങൾ ചെയ്യുന്നതായി മുൻ വിവരിച്ചതുപോലെ പഞ്ചാംഗപ്രണാമവും പ്രത്യേകമായി അഷ്ടാംഗപ്രണാമവും നടത്തുന്നുണ്ട്.

കാലിന്റെ രണ്ടു പെരുവിരലുകളും രണ്ടു കാൽമുട്ടുകളും രണ്ടു കൈമുട്ടുകളും നിലത്തുതാഴ്ത്തി നെറ്റിയും മൂക്കും നിലത്തു മുട്ടിച്ചിരിക്കന്ന തലയുടെ രണ്ടുവശങ്ങളിലായി കുത്തിപ്പിടിച്ച് ഭുജങ്ങൾ മുകളിലേക്കുയർത്തി കൂപ്പി പിടിച്ചുകിടക്കുന്നതാണ് സാഷ്ടാംഗ പ്രണാമം.

### (iv) സിക്കുമതം

സിക്കുകാർ അവരുടെ മതഗ്രന്ഥത്തെ വിശുദ്ധഗ്രന്ഥമായും മാറ്റമില്ലാത്ത ദൈവവചനമായും കണക്കാക്കി അതിനെ നമസ്ക്കരിക്കുന്നു. അതിനെ അവർ 'ഗുരുഗ്രന്ഥസാഹിബ്' എന്നാണ് നാമകരണം ചെയ്യുന്നത്. അതിന്മേൽ തലവച്ചുകൊണ്ട് ജീവിതവെളിപാടുകൾക്കായി കുമ്പിട്ടു നിൽക്കുന്നു. വ്യക്തികൾക്കും സമൂഹത്തിനും ഉള്ള വെളിപാടുകൾ ലഭിക്കുവാൻ ഈ കുമ്പിടൽ വ്യക്തികളായി നടത്തിയാൽ മതിയാവും. ഇതിനെ 'മുത്ത തെക്നാ' (തല താഴ്ത്തി വയ്ക്കുക എന്നർത്ഥം) എന്നാണ് വിളിയ്ക്കുന്നത്. ഗുരുഗ്രന്ഥം ഇരിക്കുന്ന സ്ഥലത്തു പ്രവേശിക്കുമ്പോൾ ആദ്യവും ഇറങ്ങിപ്പോകുമ്പോൾ അവസാനവും ഈ ഗ്രന്ഥത്തിന്മേൽ തല മുട്ടിക്കുന്ന രീതിയുണ്ട്. സന്ധ്യയ്ക്കും രാവിലെയുമുള്ള അവരുടെ പ്രാർത്ഥനകളുടെ ആരംഭത്തിലും അവസാനത്തിലും ഈ വിശുദ്ധഗ്രന്ഥത്തിൻമേൽ തലമുട്ടിച്ചു കുമ്പിടുന്നു. ഗ്രന്ഥങ്ങൾ സൂക്ഷിച്ചിരിക്കുന്ന ദിശയെ നോക്കി കുമ്പിടുന്ന രീതിയും അവർക്കുണ്ട്.

മാതാപിതാക്കളുടെയും പ്രായമായ ബന്ധുജനങ്ങളുടെയും പാദങ്ങൾ കുമ്പിട്ടു തൊഴുതു വന്ദിക്കുന്നതും അവരുടെ പാരമ്പര്യമാണ്. എങ്കിലും പൂർണ്ണകുമ്പിടൽ അവരുടെ മതഗ്രന്ഥത്തിനുമുമ്പിൽ മാത്രം. കുമ്പിടൽ വിനയത്തിന്റെയും വന്ദനയുടെയും ഏറ്റം മഹത്തായ ആവിഷ്ക്കാരമായി അവർ കാണുന്നു.

### (v) ഇസ്ലാം മതം

'സുജൂദ്' എന്നാണ് ഇസ്ലാം മതത്തിൽ കുമ്പിടലിനുള്ള സാങ്കേതികപദം. ദൈവത്തിനുള്ള വന്ദനവ് എന്നാണ് ഇത് ഉദ്ദേശിക്കുന്നത്. മെക്കയിലെ കാബായിലേക്കു തിരിഞ്ഞാണ് അവർ കുമ്പിടുന്നത്. ഇത് ദൈനംദിന പ്രാർത്ഥനകളിലെല്ലാം അനുഷ്ഠിക്കുന്നു. അല്ലാഹു (ദൈവം) വിനെ മഹത്വപ്പെടുത്തുന്ന ഒരു ചേഷ്ടയായിട്ടാണ് അവർ കണക്കാക്കുന്നത്. നെറ്റി, രണ്ടു കൈകളും, കാൽ മുട്ടുകളും കാലിന്റെ പെരുവിരലുകളും നിലത്ത് സ്പർശിച്ചുകൊണ്ടുള്ളതാണ് ഇവരുടെ കുമ്പിടലിന്റെ നില. ഒരു പ്രാർത്ഥനാസമയത്ത് പല പ്രാവശ്യം കുമ്പിടൽ ഉണ്ട്. പ്രാർത്ഥനകളുടെ ഒരു സമാഹാരത്തിന് ഒരു 'റാക്കാഹ്' എന്നാണ് പറയുന്നത്. (സുറിയാനി ക്രിസ്ത്യാനികളുടെ ഒരു കൗമ എന്നതുപോലെ) ഒരു റാക്കാഹിൽ രണ്ട് കുമ്പിടൽ ഉണ്ടാവും. ഒരു റാക്കാഹ്: നിൽക്കുക, കാൽമുട്ടുകളിൽ കൈകൊടുത്ത് കുനിഞ്ഞു നിൽക്കുക, തുടർന്ന് നിവർന്ന് നിൽക്കുക, തുടർന്ന് ഒരു പ്രാവശ്യം കുമ്പിടുക, തുടർന്നു നിലത്തുനിന്നും മുഖം പൊക്കി നിലത്തു കാൽമുട്ടുകളിൽ ഇരിക്കുക, തുടർന്ന് രണ്ടാമതും കുമ്പിടുക, തുടർന്ന് എഴുന്നേറ്റു നിവർന്നു നിൽക്കുക. ഈ റാക്കാഹ് പല പ്രാവശ്യം നടത്തിക്കൊണ്ട് ഒരു ഘട്ടം പ്രാർത്ഥന പൂർത്തിയാകുന്നു. ഏറ്റവും കുറഞ്ഞ മുസ്ലീം പ്രാർത്ഥനയിൽ രണ്ടു റാക്കാഹുകൾ ഉണ്ടാവും. അതിൽ നാല് കുമ്പിടലും.

**കുമ്പിടൽ പലതിന്**

1. നല്ല വാർത്ത കേൾക്കുമ്പോൾ മുസ്ലീം കുമ്പിടൽ നടത്തും. - നന്ദിയുടെ കുമ്പിടൽ.
2. ഖുറാൻ വായിക്കുമ്പോൾ 14 വാക്യങ്ങളിൽ, മുഹമ്മദ് നബി കുമ്പിട്ടു എന്നു കരുതുന്ന വാക്യങ്ങൾ വായിക്കുമ്പോൾ മുസ്ലീം കുമ്പിടണം.
3. ഏതെങ്കിലും നേരത്തെ പ്രാർത്ഥന ചൊല്ലുമ്പോൾ മുസ്ലീം ഏതെങ്കിലും ചെയ്യേണ്ട ക്രിയകൾ ചെയ്യാൻ മറന്നുപോയാൽ അതിന് പ്രായശ്ചിത്തമായി കുമ്പിടണം.

എന്നാൽ കുമ്പിടൽ എല്ലാം അല്ലാഹുവിന്റെ മുമ്പിലല്ലാതെ മറ്റാരെയും ഉദ്ദേശിച്ചുള്ളതല്ല. സൗദി അറേബ്യയിൽ മക്കയിലുള്ള കാബായെ ലക്ഷ്യമാക്കിയാണ് പ്രാർത്ഥനയുടെ നിലയെങ്കിലും അല്ലാഹുവിനെ ലക്ഷ്യമാക്കി മാത്രമാണ് പ്രാർത്ഥനയും കുമ്പിടലും. അതല്ലാതെ ചെയ്യുന്നവനെ അവിശ്വാസിയായി അവർ കണക്കാക്കും. കുമ്പിടലിന്റെ സമയത്ത് ഒരു മുസ്ലീം ദൈവസഹായത്തിനായിട്ടുള്ള അപേക്ഷയും ദൈവസ്തുതി അർപ്പിക്കലും ദൈവമഹത്വീകരണവും വിനയത്തിനായുള്ള സമർപ്പണവും നടത്തും. എന്നാൽ കുമ്പിടീലിന്റെ സമയത്ത് അവർ ഖുറാനിലെ വാക്യങ്ങൾ ഉരുവിടാറില്ല.

### (vi) യഹൂദമതം

മദ്ധ്യകാലഘട്ടം വരെ യഹൂദന്മാർ പ്രാർത്ഥനാസമയത്ത് കുമ്പിടൽ നടത്തിയിരുന്നുവെന്ന് അവരുടെ പുരാതന ഗ്രന്ഥങ്ങളായ തനാക്ക്, തൽമൂദ് മുതലായവ സാക്ഷിക്കുന്നുണ്ട്. ഒരു ദിവസം മൂന്നുപ്രാവശ്യം ആവർത്തിച്ചു നടത്തുന്ന 'അമിദാ' എന്ന പ്രാർത്ഥനയുടെ അവസാനം എല്ലാവരും പൂർണ്ണ കുമ്പിടൽ (ശരീരം മുഴുവനും കമഴ്ന്നു കിടന്ന് കൈകളും മുന്നിലേക്ക് നീട്ടി വച്ചുള്ള നില) നടത്തണമെന്ന് യഹൂദന്മാരുടെ മതനിയമങ്ങൾ വിശദീകരിക്കുന്ന പുസ്തകത്തിൽ (മിഷ്നേതോറ) രേഖപ്പെടുത്തിയിട്ടുണ്ട്. യഹൂദന്മാരിൽ ഒരു യാഥാസ്ഥിതിക വിഭാഗമായ കാരൈറ്റ് യഹൂദന്മാർ മോശയുടെ അഞ്ചുപുസ്തകങ്ങളല്ലാതെ റബിമാരുടെ നിയമവ്യാഖ്യാനങ്ങളുടെ 'തൽമൂദ്' സ്വീകരിക്കുന്നവരല്ല. എന്നാൽ ഈ വിഭാഗം പ്രാർത്ഥനാസമയത്ത് പൂർണ്ണ കുമ്പിടൽ നടത്തിയിരുന്നു. മറ്റു ചില വിഭാഗങ്ങളും (അഷ്ക്കേനാസികൾ) അവരുടെ പ്രധാന പെരുന്നാളുകളിൽ കുമ്പിടൽ നടത്തിവന്നു. അപേക്ഷകൾ

ചൊല്ലുന്ന സന്ദർഭങ്ങളിൽ കുമ്പിടൽ പല യഹൂദവിഭാഗങ്ങളിലും സർവ്വ സാധാരണമായിരുന്നു. എന്നാൽ ശാബതിലും യഹൂദന്മാരുടെ അവധി ദിവസങ്ങളിലും വിവാഹം കഴിഞ്ഞു വധൂവരന്മാരുടെ സാന്നിധ്യത്തിൽ ഒരാഴ്ചത്തേക്കും കുമ്പിടൽ നടത്തിയിരുന്നില്ല. ഏത്യോപ്യയിലെ യഹൂദന്മാർ അവരുടെ സമൂഹത്തിന്റെ പ്രത്യേക ഒരു ഒഴിവു ദിവസം (സിഗ്ദ്) പ്രാർത്ഥനകളുടെ സമയത്ത് കുമ്പിടൽ നടത്തിയിരുന്നു. സിഗ്ദ് എന്ന വാക്കിന്റെ അർത്ഥം തന്നെ കുമ്പിടൽ എന്നാണ്. യഹൂദന്മാരുടെ ഇടയിൽ ആരാധനാസമയത്ത് കുമ്പിടലിന്റെ പാരമ്പര്യം പുനരുജ്ജീവിപ്പിക്കണമെന്ന് തൽമീദെ ഹാ റംബാം എന്ന ഒരു വിഭാഗവും തീഷ്ണമായി ആഗ്രഹിച്ചു പ്രവർത്തിക്കുന്നുണ്ട്.

**(vii) ക്രിസ്ത്യാനികളുടെ ഇടയിൽ**

പട്ടംകൊട ശുശ്രൂഷയിലും സന്യാസസ്ഥാനങ്ങൾ സ്വീകരിക്കുമ്പോഴും വിവിധ സന്ദർഭങ്ങളിൽ കുമ്പിടൽ നടത്തുന്നത് പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലും റോമൻ കത്തോലിക്കാ സഭയിലും നിലവിലുള്ള പാരമ്പര്യമാണ്. എന്നാൽ റോമൻ കത്തോലിക്കാ സഭയിലും ആംഗ്ലിക്കൻ സഭയിലും ഇത് മുട്ടുകുത്തി വണങ്ങുന്നതു മാത്രമാണ്. പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽ പൂർണ്ണ കുമ്പിടലിന്റെ പാരമ്പര്യമാണ് നിലവിലുള്ളത്.

## ഓർത്തഡോക്സ് സഭാ പാരമ്പര്യം

**വേദപുസ്തക സാക്ഷ്യം**

കുമ്പിടലിന് തലകുനിച്ച് വന്ദിക്കുക, തല കുനിച്ച് ആരാധിക്കുക, തല ഭൂമിയിലേക്കു വളച്ച് ആരാധിക്കുക. തലകൾ കുനിച്ച് വണങ്ങുക, നിലത്തുവീണു ആരാധിക്കുക, കാൽക്കൽ വീണു വന്ദിക്കുക, കവിണ്ണുവീണു നമസ്ക്കരിക്കുക, മുട്ടുമടക്കുക എന്നീ ശൈലികളാണ് ഉപയോഗിച്ചിരിക്കുന്നത്.

1. **ഉല്പ. 18:2** അബ്രാഹാം അതിഥികളായ വന്ന മൂന്നു പുരുഷന്മാരെ സൽക്കരിക്കുന്നതിന് തന്നെ അനുവദിക്കണമെന്ന് അവരോട് അപേക്ഷിക്കുന്നത് നിലം വരെ കുനിഞ്ഞു (കുമ്പിട്ടു) കൊണ്ടാണ്.
2. **ഉല്പ 19:1** സോദോം പട്ടണത്തിലെ ദൈവദൂതന്മാരെ ലോത്ത് നിലം വരെ കുനിഞ്ഞു നമസ്ക്കരിച്ചു. അതിഥി സൽക്കാരത്തിന് അനുവദിക്കാനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായിരുന്നു അത്.
3. **ഉല്പ 23:7,12** അബ്രാഹാമിന് തന്റെ ഭാര്യ സാറായിയെ കബറടക്കുവാൻ മക്പേലാ ഗുഹ കൊടുക്കുവാൻ തയ്യാറായ ഹിത്യനായ എഫ്രോന്റെയും അവരുടെ ജനത്തിന്റെ മുമ്പാകെ ത തലകുനിച്ചു നമസ്ക്കരിച്ചു. നന്ദിയുടെ ഒരു ചേഷ്ടയായിരുന്നു അത്.
4. **ഉല്പ 24:26, 48, 52** അബ്രാഹാമിന്റെ മകനായ യിസ്സഹാക്കിനു ഭാര്യയെ കണ്ടുപിടിക്കുവാൻ പോയ അബ്രാഹാമിന്റെ ദാസൻ തന്റെ ദൗത്യനിർവ്വഹണം പൂർത്തീകരിച്ചു തന്ന ദൈവത്തെ ഹൃദയം നിറഞ്ഞ നന്ദിയുടെ സൂചകമായി കുനിഞ്ഞു നമസ്ക്കരിക്കുകയും സാഷ്ടാംഗം വീണു നമസ്ക്കരിക്കുകയും ചെയ്തു. നമസ്ക്കരിക്കുക എന്ന വാക്കു അർത്ഥമാക്കുന്നതുതന്നെ കുമ്പിടുക എന്നതാണ്.
5. ആദരവും വിധേയത്വവും ബഹുമാനവും പ്രകടിപ്പിക്കുന്നതിന് വണങ്ങുകയെന്നത് കുമ്പിടലിന്റെ മറ്റൊരർത്ഥം. യിസ്സഹാക്ക് യാക്കോബിന് കൊടുക്കുന്ന അനുഗ്രഹവും (ഉല്പ. 27:29) യൗസേഫിന്റെ മാതാപിതാക്കളും സഹോദരങ്ങളും അവനെ സാഷ്ടാംഗം വീണ് നമസ്ക്കരിക്കുമെന്ന ദർശനവും (ഉല്പ 37:10) അതിന്റെ യഥാർത്ഥീകരണവും (ഉല്പ. 43:26, 28, 46:29, 48:12) യാക്കോബ് തന്റെ മകൻ യഹൂദയ്ക്ക് അവന്റെ അപ്പന്റെ മക്കൾ അവനെ നമസ്ക്കരിക്കുമെന്നു പറയുന്നതും (ഉല്പ. 49:8) ഈ കുമ്പിടീലിന്റെ അർത്ഥമാണ്. കൂടാതെ രൂത്ത് 2:10, 1 ശമു 20:41, 25:41. 2 ശമു 14:33, 24 :20, 1 രാജാ 1:23, 31, 2 രാജാ. 2:15, 4:37, 2 ദിന. 7:3, 20: 18, 29:29, 30, നെഹ. 8:6, ലൂക്കോ 24:5
6. **പുറ 4:31** യഹോവ യിസ്രായേൽ മക്കളെ സന്ദർശിച്ചു എന്നും തങ്ങളുടെ കഷ്ടത കടാക്ഷിച്ചു എന്നും കേട്ടിട്ടു യിസ്രായേൽ ജനം കുമ്പിട്ടു നമസ്ക്കരിച്ചു. നന്ദിസൂചകമായ കുമ്പിടൽ ആണ് ഇത്.
7. **പുറ 12:27** പെസഹ ആചരണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ലഭിച്ച ജനം അവയെ ശിരസ്സാവഹിക്കുമെന്നുള്ള പ്രതിജ്ഞയുടെ പ്രതീകമായി ദൈവത്തെ കുമ്പിട്ടു നമസ്ക്കരിച്ചു.
8. **പുറ 34:8** കാളക്കുട്ടിയെ ആരാധിച്ച യിസ്രായേലിന്റെ മേൽ നിന്നും ദൈവകോപം മാറിക്കിട്ടുവാൻ മോശ യഹോവയെ സാഷ്ടാംഗം വീണു നമസ്ക്കരിച്ചു.
9. **പുറ 20:5, 23:24, ലേവ്യ 26:1, ആവ 5:9 , യോശു. 23 :7,16, ന്യായാ. 2:19, 2 രാജാ 5:18, 17:35** എന്നീ വാക്യങ്ങളിൽ അന്യദൈവങ്ങളെ കുമ്പിട്ടു വന്ദിക്കരുതെന്ന് പ്രത്യേകം അനുശാസിക്കുന്നു.
10. **സംഖ്യ 22:31, ഏശാ 45:23, 49:23, 60:14, റോമ 14: 11, ഫിലി 2:10** ഈ വാക്യങ്ങളിൽ ദൈവത്തെ സർവ്വരും കുമ്പിട്ടു നമസ്ക്കരിക്കും എന്നുള്ള പ്രവചനം ദൈവത്തിന്റെ അനിഷേധ്യമായ സർവ്വാധിപത്യത്തെ സ്പഷ്ടമാക്കുന്നു.
11. **2 ദിന 7:3** ശലോമോൻ പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ ദൈവാലയത്തിൽ തീ ഇറങ്ങി ഹോമയാഗം ദഹിപ്പിച്ചതുകണ്ട ജനം യഹോവയുടെ തേജസ്സിനു മുമ്പിൽ സാഷ്ടാംഗം വീണു യഹോവയെ നമസ്ക്കരിച്ചു. ആരാധനാ മദ്ധ്യേ ദൈവഭയത്തിലുള്ള കുമ്പിടൽ ദൈവസാന്നിദ്ധ്യബോധത്തിന്റെ പ്രതിഫലനമാണ്. 2 ദിന 29:28-30. യെഹസ്ക്കിയാവിന്റെ ഹോമയാഗത്തിലും ഇത് ആവർത്തിക്കുന്നുണ്ട്.
12. **നെഹ 8:6** പ്രവാസത്തിൽ നിന്നും മടങ്ങി യിസ്രായേലിൽ ജനത്തെ കൂട്ടി വരുത്തി എസ്രാ ശാസ്ത്രി ന്യായപ്രമാണം വിടുത്തി ദൈവത്തെ സ്തുതിച്ചു വായിക്കുവാൻ തുടങ്ങിയപ്പോൾ ജനമെല്ലാം എഴുന്നേറ്റു നിന്നും കൈ ഉയർത്തി ആമേൻ എന്നു പ്രതിവചനം പറഞ്ഞുകൊണ്ട് വണങ്ങി സാഷ്ടാംഗം വീണു യഹോവയെ നമസ്ക്കരിച്ചു. നമ്മുടെ ഏവൻ ഗേലിയോൻ വായനയിലേക്ക് ഇവ വെളിച്ചം വീശുന്നു. ന്യായപ്രമാണം വായിച്ചുകേട്ട ജനം തുടർന്ന് പാപങ്ങളെ ഏറ്റു പറഞ്ഞ് യഹോവയെ നമസ്ക്കരിക്കുന്നതും (നെഹ.

9:3) നമ്മുടെ വി. കുർബ്ബാനയിൽ ഏവൻഗേലിയോൻ വായന കഴിഞ്ഞ് പാപപരിഹാരപ്രാർത്ഥന ചൊല്ലുന്നതും തമ്മിലുള്ള ബന്ധം ഇവിടെ സാമ്യം നിൽക്കുന്നു.

13. **ഇയ്യോ 1:20** കഷ്ടതയുടെ ആധിക്യം വന്നപ്പോൾ പ്രത്യാശയുടെ നിറവിൽ 'യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ' എന്ന വാക്യം യഹോവയെ സാഷ്ടാംഗം വീണു നമസ്ക്കരിച്ചുകൊണ്ടാണ് ഇയ്യോബ് പറയുന്നത്. പ്രത്യാശയുടെ ഹൃദയത്തിൽ നിന്നു അനർഗ്ഗളമായി നിർക്ഷമിച്ചതാണ് ആ കുമ്പിടൽ. ഈ ജ്ഞാനത്തിലേക്ക് വളരുവാൻ നമുക്കും ഇത് മാതൃകയും മുഖാന്തിരവുമാണ്.

14. **ദാനി 2:46** നെബൂക്കദ്നേസർ രാജാവ് ദാനിയേൽ പ്രവാചകനെ സാഷ്ടാംഗം വീണു നമസ്ക്കരിച്ചുകൊണ്ട് യഹോവയാം ദൈവത്തെ ഏറ്റവും പുകഴ്ത്തി. ദൈവത്ത ിന്റെ സർവ്വാധികാരത്തിനും സർവ്വശക്തിക്കും മുമ്പിൽ ഭരണാധികാരികൾ പോലും അത്ഭുതസ്തബ്ധരായി.

15. **മത്താ. 2:11** രാജാവായി പിറന്ന യേശുവിന്റെ ജനനം അറിഞ്ഞു കിഴക്കുനിന്നു വന്ന വിദ്വാന്മാർ ബേത്ലഹേമിലെത്തി അവരെ നയിച്ച നക്ഷത്രം വന്നു നിന്ന സ്ഥലത്തു കിടന്ന യേശുവിനെ കണ്ടു, വീണു നമസ്ക്കരിച്ചു പൊന്നും മൂരും കുന്തിരിക്കവും കാഴ്ചകളായി അർപ്പിച്ചു. കുമ്പിടലിലെ സന്തോഷവും വിധേയത്വവും അവരുടെ ബദ്ധപ്പെട്ടുള്ള യാത്രയിലെ ത്യാഗവും കാഴ്ചയർപ്പിക്കലിലെ യാഗാത്മകതയും ഒത്തിണങ്ങിയ യാഗാർപ്പണമാണ് നമ്മുടെ വി. കുർബ്ബാനാനുഷ്ഠാനത്തിലും അടങ്ങിയിരിക്കുന്നത്. വി. കുർബ്ബാനയ്ക്കുള്ള ഒരുക്കവും ഭാഗഭാഗിത്വവും ആത്മശരീരമനസ്സുകളുടെ ദൈവസന്നിധിയിലുള്ള സമർപ്പണവുമെല്ലാം തലകളെ വണക്കിക്കൊണ്ട് നാം നിർവ്വഹിക്കുമ്പോൾ കിഴക്കുനിന്നുള്ള വിദ്വാൻമാരുടെ പാരമ്പര്യമാണ് യാഥാർത്ഥീകരിക്കുന്നത്.

16. **വി. മത്താ. 8:2, 9:18, 14:33, 15:25, 28:17** യേശുവിന്റെ മുമ്പിൽ കുഷ്ഠരോഗി (8:2) ,യഹൂദ പ്രമാണി (9:18) പടകിലുണ്ടായിരുന്ന ശിഷ്യന്മാർ (14 :33) കനാന്യസ്ത്രീ (15 :25) ഉയർത്തെഴുന്നേറ്റ യേശുവിന്റെമുമ്പിൽ ഗലീലയിൽ പതിനൊന്നു ശിഷ്യന്മാർ (28:17) എല്ലാവരും നമസ്ക്കരിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് യഹൂദപാരമ്പര്യപ്രകാരം സാഷ്ടാംഗം കുമ്പിട്ടു എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ക്രിസ്തീയ ആരാധനകളിൽ കുമ്പിടലിന്റെ സാംഗത്യം പാപവിമോചനത്തിനും രോഗസൗഖ്യത്തിനും ആത്മശുദ്ധീകരണത്തിൽ ദൈവരാജ്യ ജീവിതപങ്കാളിത്തത്തിനും ഉള്ള അപേക്ഷകളുടെ ബാഹ്യപ്രകടനമാകുന്നു എന്ന ജ്ഞാനമാണ് ഇതിൽ നിന്നും നമുക്ക് ലഭിക്കുന്നത്. സ്വർഗ്ഗാരോഹണം ചെയ്ത യേശുവിനെ പതിനൊന്നു ശിഷ്യന്മാർ ബഥാന്യയിൽ വച്ചു നമസ്ക്കരിക്കുന്നതും (ലൂക്കോ. 24 : 52) ശമര്യരുടെ പിതാക്കന്മാർ പാരമ്പര്യമായി യഹോവയെ മലയിൽ നമസ്ക്കരിക്കുന്നതും (യോഹ. 4:20) പിറവിക്കുരുടൻ കാഴ്ചപ്രാപിച്ചത് ദൈവപുത്രനായ യേശുവിൽ നിന്നാണെന്ന് മനസ്സിലാക്കിയപ്പോൾ അവനെ നമസ്ക്കരിക്കുന്നതും (യോഹ. 9:38) കൊർന്നല്യോസിന്റെ ഭവനത്തിലെത്തിയ പത്രോസ് ശ്ലീഹായുടെ കാൽക്കൽ വീണു കൊർന്നല്യോസ് നമസ്ക്കരിക്കുന്നതും (അപ്പോ. 10:25) ഹൃദയംഗമമായ ഭക്തിയും വിശ്വാസവും നന്ദിയും പ്രകടമാക്കുന്നതാണ്. ക്രിസ്തീയ ആരാധനയിലുള്ള കുമ്പിടലും യേശുക്രിസ്തുവിലുള്ള വിശ്വാസദാർഢ്യത്തിന്റെയും ദൈവം അയോഗ്യരായ നമുക്കു ചെയ്ത വലിയ ഉപകാരങ്ങളുടെ നന്ദി അർപ്പണത്തിന്റെയും ആവിഷ്ക്കാരമാണ്.

17. **വെളിപാട് പുസ്തകത്തിന്റെ സാക്ഷ്യം** വി. യോഹന്നാൻ ശ്ലീഹായുടെ യുഗാന്ത്യകാലദർശനത്തിൽ യേശുക്രിസ്തു രാജാവായി വാഴുന്ന സ്വർഗ്ഗത്തിൽ നടക്കുവാനിരിക്കുന്ന സംഭവങ്ങളെയാണ് പ്രതീകാത്മകമായി വെളിപാട് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. സിംഹാസനത്തിൽ ഇരിക്കുന്ന അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തുവിനു ചുറ്റുമായി നിൽക്കുന്ന നാലു ജീവികളും ഇരുപത്തിനാല് മൂപ്പന്മാർ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥനയെന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചു കുഞ്ഞാടിന്റെ മുമ്പാകെ വീണു നമസ്ക്കരിക്കുന്നു. (5:8 :14) നാലു ജീവികൾ നാലു സുവിശേഷങ്ങളും (മത്തായി - മനുഷ്യമുഖമുള്ളത്, മർക്കോസ് - സിംഹസദൃശ്യം, ലൂക്കോസ് - കാളസദൃശ്യം , യോഹന്നാൻ - കഴുകന്റെ സദൃശ്യം) (4:7) ഇരുപത്തിനാല് മൂപ്പന്മാർ 12 ഗോത്രപിതാക്കന്മാരും 12 അപ്പോസ്തോലന്മാരും എന്ന് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. ദൈവാരാധന മുടക്കം കൂടാതെയുള്ളതാണെന്നും അത് സഭയുടെ ഭൂമിയിൽ ജീവനോടിരിക്കുന്നവരും സ്വർഗ്ഗത്തിൽ ജീവനോടിരിക്കന്ന പരിശുദ്ധന്മാരും ഉൾപ്പെടുന്നതാകുന്നു.(വിശുദ്ധന്മാരുടെ പ്രാർത്ഥനയെന്ന ധൂപവർഗ്ഗം) എന്ന സത്യം നമ്മെ പഠിപ്പിക്കുന്നു. ഈ പ്രതീകാത്മകതയിലാണ് ദിവസത്തെ ഏഴ് യാമങ്ങളായി തിരിച്ച് ഏഴ് യാമങ്ങളിലും പ്രാർത്ഥനയും കുമ്പിടലും ധൂപാർപ്പണവും സഭാപിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. നാലു ജീവികളും ഇരുപത്തിനാല് മൂപ്പന്മാരും ഇത് പലസന്ദർഭങ്ങളിൽ ആവർത്തിക്കുന്നതായി ചിത്രീകരിച്ചിട്ടുണ്ട്. (11: 6, 19:4) എന്നാൽ സ്വർഗ്ഗത്തിലെ സകല ദൂതന്മാരും ഈ നാലു ജീവികളുടെയും ഇരുപത്തിനാല് മൂപ്പന്മാരുടെയും ചുറ്റും നിന്നു യേശുവിന്റെ സിംഹാസനത്തിനു മുമ്പിൽ അവരോടൊപ്പം കവിണ്ണുവീണു നമസ്ക്കരിക്കുന്നതും രേഖപ്പെടുത്തുന്നു. (7:11) ദൈവത്തിന്റെ സന്ദേശവാഹകരും സ്തുതിപാടുന്നവരുമായ സ്വർഗ്ഗീയ ദൂതന്മാർ സഭയുടെ ആരാധനയിൽ എപ്പോഴും ഭാഗഭാക്കാകുന്നുവെന്നത് സ്വർഗ്ഗത്തിൽ ആരാധിക്കുന്നവർ എന്ന മാനത്തിലേക്കുയർത്തുന്നു. (ഏശാ. 6:1 – 6) മറുബഹസാ ചിറകടിക്കുന്ന മാലാഖയുടെ പ്രതീകം. ദൈവഭക്തി , വിശ്വാസം, സമർപ്പണം, ബഹുമാനം, ആദരവ്, ത്യാഗം, യാഗം, നന്ദി, സന്തോഷം, പാപമോചനത്തിനുള്ള അപേക്ഷ, വിധേയത്വം, വിനയം എന്നിവ കുമ്പിടലിന്റെ വേദപുസ്തക ഉള്ളടക്കമാണ്.

**(തുടരും)**

# പ.വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടന നക്കൽ

*(കഴിഞ്ഞ ലക്കം തുടർച്ച)*

49 പള്ളി ഇടവക പൊതുയോഗത്തിന്റെയും പള്ളി ഇടവക മാനേജിംഗ് കമ്മറ്റിയുടെയും അദ്ധ്യക്ഷൻ വികാരി ആയിരിക്കണം.

50 പള്ളി ഇടവക പൊതുയോഗത്തിന്റെ അധികാരവും അവകാശവും ഓരോ ചുമതലയ്ക്കും മറ്റും ആളുകളെ തെരഞ്ഞെടുക്കുക മാത്രമാകകൊണ്ട് ഇടവകപ്പള്ളി സംബന്ധിച്ച സകല ചുമതലകളും പള്ളി ഇടവക മാനേജിംഗ് കമ്മറ്റി വഹിക്കേണ്ടതും ആ കമ്മറ്റിക്ക് ഇരിക്കുന്നതുമാണ്.

51 ഓരോ പള്ളി ഇടവകയെ സംബന്ധിച്ചിടത്തോളം ആ പള്ളി ഇടവക മാനേജിംഗ് കമ്മറ്റി എപ്പിസ്കോപ്പയുടെ അഡ്വൈസറി കമ്മറ്റി ആയിരിക്കുന്നതാണ്.

52 ഏതു മാനേജിംഗ് കമ്മറ്റിയുടേയും അംഗസംഖ്യ എത്രയും കുറഞ്ഞിരിക്കുന്നതാണ് നല്ലത്.

53 ഓരോ എപ്പിസ്കോപ്പൽ ഇടവകയ്ക്കും ഓരോ എപ്പിസ്കോപ്പൽ ഇടവക പൊതുയോഗവും ഓരോ എപ്പിസ്കോപ്പൽ ഇടവക മാനേജിംഗ് കമ്മറ്റിയും ഉണ്ടായിരിക്കണം.

54 ഓരോ ഇടവക പള്ളികളിലെയും പള്ളിവക മാനേജിംഗ് കമ്മറ്റികളിലെ അംഗങ്ങൾ എപ്പിസ്കോപ്പൽ ഇടവക പൊതുയോഗത്തിന്റെ അംഗങ്ങൾ ആയിരിക്കണം. ടി പൊതുയോഗത്തിന് ഒരു സെക്രട്ടറി ഉണ്ടായിരിക്കണം.

55 ഓരോ ഇടവക എപ്പിസ്കോപ്പയ്ക്കും ഓരോ പ്രൈവറ്റ് സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും ആ പ്രൈവറ്റ് സെക്രട്ടറി തന്നെ എപ്പിസ്കോപ്പൽ ഇടവക പൊതുയോഗത്തിന്റെയും എപ്പിസ്കോപ്പൽ ഇടവക മാനേജിംഗ് കമ്മറ്റിയുടേയും സെക്രട്ടറി സ്ഥാനം കൂടി വഹിക്കേണ്ടതുമാകുന്നു.

56 എപ്പിസ്കോപ്പായുടെ പ്രൈവറ്റ് സെക്രട്ടറി എപ്പിസ്കോപ്പൽ ഇടവക പൊതുയോഗത്തിലും എപ്പിസ്കോപ്പൽ ഇടവക മാനേജിംഗ് കമ്മറ്റിയിലും ഒരു അംഗമായിരിക്കണം.

57 എപ്പിസ്കോപ്പൽ ഇടവക മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങളെ , തങ്ങളിൽ നിന്നു തങ്ങളാൽ തന്നെ വോട്ടുമൂലം തെരഞ്ഞെടുക്കുന്നതിന് എപ്പിസ്കോപ്പൽ ഇടവക പൊതുയോഗത്തിന് അവകാശം ഉണ്ടായിരിക്കണം.

58 മേൽ 47-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള അഭിപ്രായങ്ങൾ എപ്പിസ്കോപ്പൽ ഇടവക പൊതുയോഗത്തിൽ വച്ച് അതിലെ അംഗങ്ങൾക്ക് പ്രസ്താവിച്ചു സെക്രട്ടറിയെക്കൊണ്ടു നോട്ടുചെയ്യിപ്പിക്കുന്നതിന് അവകാശം ഉണ്ടായിരിക്കും.

59 എപ്പിസ്കോപ്പൽ ഇടവക സംബന്ധിച്ചിടത്തോളമുള്ള സകലചുമതലകളും അധികാരങ്ങളും എപ്പിസ്കോപ്പയ്ക്ക് ഇരിക്കുന്നതാണ്.

60 എപ്പിസ്കോപ്പൽ ഇടവക പൊതുയോഗത്തിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും അദ്ധ്യക്ഷൻ ഇടവക എപ്പിസ്കോപ്പ ആയിരിക്കണം.

61 ഓരോ എപ്പിസ്കോപ്പൽ ഇടവകയ്ക്കും ഓരോ പൊതുയോഗവും മാനേജിംഗ് കമ്മറ്റിയും ഉണ്ടായിരിക്കേണ്ട പ്രകാരം തന്നെ ഓരോ മെത്രാപ്പോലീത്തൻ മഹാഇടവകയ്ക്കും ഓരോ മെത്രാപ്പോലീത്തൻ മഹാഇടവക പൊതുയോഗവും മെത്രാപ്പോലീത്തൻ മഹാഇടവക മാനേജിംഗ് കമ്മറ്റിയും ഉണ്ടായിരിക്കണം.

62 മഹായിടവക പൊതുയോഗത്തിന്റെയും അതിന്റെ മാനേജിംഗ് കമ്മറ്റിയുടെയും അദ്ധ്യക്ഷൻ ആ മഹായിടവകയുടെ മെത്രാപ്പോലീത്ത ആയിരിക്കണം.

63 മഹായിടവകയിൽപെട്ട എപ്പിസ്കോപ്പൽ ഇടവകകളുടെ എപ്പിസ്കോപ്പൻമാർ പൊതു യോഗത്തിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും വൈസ് പ്രസിഡന്റുമാരായിരിക്കണം.

64 മെത്രാപ്പോലീത്തയുടെ പ്രൈവറ്റ് സെക്രട്ടറി തന്നെ മഹായിടവക പൊതുയോഗത്തിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും സെക്രട്ടറി ആയിരിക്കണം.

65 ഓരോ എപ്പിസ്കോപ്പൽ ഇടവക മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങൾ അവർ ഉൾപ്പെട്ട മെത്രാപ്പോലീത്തൻ മഹായിടവക പൊതുയോഗത്തിലെ അംഗങ്ങൾ ആയിരിക്കണം.

66 മഹായിടവക മാനേജിംഗ് കമ്മറ്റിയിലെ മേൽപ്പട്ടക്കാർ തനിച്ച് ഒരു സിനഡ് ആയിരിക്കുന്നതും അതിലെ മെത്രാപ്പോലീത്ത ആ സിനഡിന്റെ അദ്ധ്യക്ഷനായിരിക്കുന്നതും മഹായിടവക മാനേജിംഗ് കമ്മറ്റി ടി സിനഡിന്റെ അഡ്വൈസറി കമ്മിറ്റി ആയിരിക്കുന്നതുമാണ്.

67 മഹായിടവക പൊതുയോഗത്തിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും സെക്രട്ടറി തന്നെ മഹായിടവക സിനഡിന്റെയും സെക്രട്ടറി ആയിരിക്കണം.

68 മഹായിടവക മാനേജിംഗ് കമ്മറ്റി ആയ അഡ്വൈസറി കമ്മിറ്റിക്ക് തങ്ങളുടെ ആലോചനകളെയും അഭിപ്രായങ്ങളെയും പ്രസ്താവിച്ച് മഹായിടവക സിനഡിനെ മനസ്സിലാക്കാവുന്നതും അത്യാവശ്യപ്പെട്ടവയെന്നവർക്കു തോന്നുന്നവയെ ആ മഹായിടവക സിനഡിന്റെ അംഗങ്ങളായ മേൽപ്പട്ടക്കാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ അവരുടെ ഭൂരിപക്ഷം പ്രബലപ്പെടുന്നതും അഭിപ്രായം ഒന്നുപോലെ വന്നാൽ അദ്ധ്യക്ഷൻ ചേരുന്ന ഭാഗം പ്രബലപ്പെടുന്നതുമായിരിക്കും.

69 ഓരോ മഹായിടവകയ്ക്കും ഓരോ മഹായിടവക പൊതുയോഗവും മാനേജിംഗ് കമ്മറ്റിയും സിനഡും ഉണ്ടായിരിക്കുന്നതുപോലെ നമ്മുടെ പൗരസ്ത്യ സഭയ്ക്ക് ഒട്ടുക്ക് ഒരു പൗരസ്ത്യ ആകമാന പൊതുയോഗവും ആകമാന മാനേജിംഗ് കമ്മറ്റിയും ആകമാന സിനഡും ഉണ്ടായിരിക്കണം.

70 എല്ലാ മഹായിടവകയിലെയും മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഈ ആകമാന പൊതുയോഗത്തിലെ അംഗങ്ങളായിരിക്കണം.

71 പൗരസ്ത്യ സിംഹാസനത്തന്റെ കാതോലിക്കോസ് ടി ആകമാന പൊതുയോഗത്തിന്റെയും ആകമാന മാനേജിംഗ് കമ്മറ്റിയുടെയും ആകമാന സിനഡിന്റെയും അദ്ധ്യക്ഷനായിരിക്കണം.

72 കാതോലിക്കോസിന്റെ പൈവറ്റ് സെക്രട്ടറി ടി പൊതുയോഗത്തിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും സിനഡിന്റെയും സെക്രട്ടറി ആയിരിക്കണം.

73 എല്ലാ മെത്രാപ്പോലീത്തന്മാരും എപ്പിസ്കോപ്പൻമാരും ടി ആകമാന പൊതുയോഗത്തിന്റെയും ആകമാന മാനേജിംഗ് കമ്മറ്റിയുടെയും വൈസ്പ്രസിഡന്റുമാരായിരിക്കും.

74 ആകമാന മാനേജിംഗ് കമ്മറ്റിയിലെ മേൽപ്പട്ടക്കാരും സെക്രട്ടറിയും ഒഴിച്ചുള്ള അംഗങ്ങളെ തങ്ങളിൽ നിന്നും തങ്ങൾ തന്നെ തെരഞ്ഞെടുപ്പാനുള്ള അധികാരവും അവകാശവും ടി ആകമാന പൊതുയോഗത്തിനുള്ളതാണ്.

75 പൗരസ്ത്യ ആകമാന സിനഡിന്റെ അംഗങ്ങൾ കാതോലിക്കോസും നമ്മുടെ പൗരസ്ത്യ സഭയിൽപെട്ട എല്ലാ മെത്രാപ്പോലീത്തന്മാരും എപ്പിസ്കോപ്പന്മാരുമായിരിക്കണം.

76 മെത്രാപ്പോലീത്തൻ മഹായിടവക പൊതുയോഗത്തിനുള്ള അധികാരങ്ങളും അവകാശങ്ങളും ഈ ആകമാന പൊതുയോഗത്തിനായിരിക്കുന്നതാണ്.

77 പൗരസ്ത്യ മേൽപ്പട്ടക്കാരുടെ ആകമാന സിനഡിന്റെ അംഗങ്ങൾക്ക് ആകമാന പൊതുയോഗത്തിലും ആകമാന മാനേജിംഗ് കമ്മറ്റിയിലും വോട്ടിനാവശ്യമില്ലാത്തതും ടി മാനേജിംഗ് കമ്മറ്റി ടി സിനഡിന്റെ ഒരു അഡ്വൈസറി കമ്മിറ്റി ആയിരിക്കുന്നതുമാണ്.

78 ഈ ആകമാന മാനേജിംഗ് കമ്മറ്റിയായ അഡൈ്വസറി കമ്മിറ്റിക്കു തങ്ങളുടെ ആലോചന കളെയും അഭിപ്രായങ്ങളെയും പ്രസ്താവിച്ച് ഈ ആകമാന സിനഡിനെ മനസ്സിലാക്കാ വുന്നതും അത്യാവശ്യപ്പെട്ടവയെന്നു തോന്നുന്നവയെ ഈ സിനഡിന്റെ സെക്രട്ടറിയെ ക്കൊണ്ട് നോട്ടുചെയ്യിക്കാവുന്നതും നമ്മുടെ പൗരസ്ത്യ സഭ സംബന്ധമായുള്ള സകല സംഗതികളും ഒരവസാനമായി തീരുമാനിപ്പാനുള്ള പരമാധികാരവും അവകാശവും ഈ ആകമാന സിനഡിനിരിക്കുന്നതും, ടി സിനഡിന്റെ അംഗങ്ങളായ മേൽപ്പട്ടക്കാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ അവരുടെ ഭൂരിപക്ഷം പ്രബലപ്പെടുന്നതും അഭിപ്രായം ഒന്നുപോലെ വന്നാൽ അദ്ധ്യക്ഷനായ കാതോലിക്കോസ് ചേരുന്ന ഭാഗം പ്രബലപ്പെടു ന്നതുമായിരിക്കും.

79 ഓരോ എപ്പിസ്കോപ്പൽ ഇടവകയിലെ ഇടവകപള്ളികൾ, പൊതുയോഗങ്ങൾ, മാനേ ജിംഗ് കമ്മറ്റികൾ എന്നിവയെ സംബന്ധിച്ചും പള്ളിക്കാര്യാദികളുടെ ഭരണം, പട്ടക്കാ രുടെ നടത്ത , അവരുടെ അധികാരങ്ങൾ, അവകാശങ്ങൾ അവരെക്കുറിച്ചുള്ള പരാതി കൾ മുതലായി ഓരോ എപ്പിസ്കോപ്പൽ ഇടവകയിൽ പെട്ടതായി സഭാസംബന്ധമായ സകലസംഗതികളും അതാതു ഇടവക എപ്പിസ്കോപ്പയുടെ അധികാരത്തിലും അവകാ ശത്തിലും ഇരിക്കുന്നതും അദ്ദേഹത്തെ സംബന്ധിച്ചുള്ള പരാതികളും അദ്ദേഹത്തിന്റെ തീരുമാനത്തെക്കുറിച്ചുള്ള അപ്പീലുകളും അതാത് എപ്പിസ്കോപ്പൽ ഇടവകകൾ ഉൾപ്പെട്ട മെത്രാപ്പോലീത്തൻ മഹായിടവക സിനഡ് കേട്ട് തീരുമാനിക്കേണ്ടതും മഹായിടവക സിന ഡുകളുടെ തീരുമാനങ്ങളെക്കുറിച്ചുള്ള അപ്പീലുകളും മെത്രാപ്പോലീത്തൻമാരെയും കാതോ ലിക്കോസിനെയും കുറിച്ചുള്ള പരാതികളും പൗരസ്ത്യ ആകമാന സിനഡ് കേട്ടു തീരു മാനിക്കേണ്ടതുമാണ്.

80 എപ്പിസ്കോപ്പ, മെത്രാപ്പോലീത്ത , കാതോലിക്കോസ് എന്നീ സ്ഥാനങ്ങളിലേക്ക് ആളു കളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം നമ്മുടെ പൗരസ്ത്യ സഭയുടെ സ്ഥിതിക്കു പൗരസ്ത്യ ആകമാന പൊതുയോഗത്തിനിരിക്കണം. എന്നാൽ അത്മായക്കാരായ യോഗാം ഗങ്ങളുടെയും പട്ടക്കാരായ യോഗാംഗങ്ങളുടെയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷവും ആകമാന സിനഡിലെ അംഗങ്ങളുടെ ഭൂരിപക്ഷവും കൂടി തെരഞ്ഞെടുക്കപ്പെട്ടവരുടെ തെരഞ്ഞെടുപ്പിനെ സ്ഥിരപ്പെടുത്തേണ്ടതാണ്. അത്മായക്കാരുടെയും പട്ടക്കാരുടെയും പ്രത്യേകം ഭൂരിപക്ഷം ഉണ്ടായിരുന്നാലും ആകമാനസിനഡിന്റെ ഭൂരിപക്ഷം എതിർക്കുന്ന പക്ഷം ആകമാനസിനഡിന്റെ അഭിപ്രായമനുസരിച്ചുള്ള തെരഞ്ഞെടുപ്പ് സ്ഥിരപ്പെടുന്ന താണ്. അത്മായക്കാരും പട്ടക്കാരുമായ അംഗങ്ങളുടെ പ്രത്യേകം പ്രത്യേകം ഭൂരിപ ക്ഷത്തോട് ആകമാനസിനഡിന്റെ നൂറുപേർ മാത്രം ചേരുകയും അൻപത് എതിർക്കു കയും ചെയ്താൽ അത്മായക്കാരുടെയും പട്ടക്കാരുടെയും ഭൂരിപക്ഷത്തോടു ചേർന്ന ആകമാനസിനഡിന്റെ തെരഞ്ഞെടുപ്പായിരിക്കണം സ്ഥിരപ്പെടുത്തേണ്ടത്. അങ്ങിനെ വരുന്ന സന്ദർഭങ്ങളിൽ ആകമാനസിനഡിന്റെ അദ്ധ്യക്ഷന് അവകാശമുള്ള കൂടുതൽ വോട്ട് ഉപയോഗിച്ചു കൂടാത്തതാണ്.

81 ഒരു എപ്പിസ്കോപ്പയുടെ സ്ഥാനാഭിഷേകം ആ എപ്പിസ്കോപ്പൽ ഇടവകയുൾപ്പെട്ട മെത്രാ പ്പോലീത്തൻ മഹായിടവകയുടെ മെത്രാപ്പോലീത്ത അദ്ധ്യക്ഷനായിരുന്നു ആ മഹായിട വകയുടെ സിനഡ് വിളിച്ചുകൂട്ടി നടത്താവുന്നതാണ്.

82 ഒരു മെത്രാപ്പോലീത്തയുടെ സ്ഥാനാഭിഷേകമായിരുന്നാൽ ആയത് ആകമാനസിനഡിന്റെ അദ്ധ്യക്ഷനായ കാതോലിക്കോസ് ആകമാനസിനഡ് വിളിച്ചുകൂട്ടി നടത്തേണ്ടതാണ്.

83 കാതോലിക്കോസിന്റെ സ്ഥാനാഭിഷേകമായിരുന്നാൽ അന്നുള്ള മെത്രാപ്പോലീത്തൻമാരിൽ സീനിയർ മെത്രാപ്പോലീത്ത (മെത്രാപ്പോലീത്തന്മാരിൽ ആദ്യം മെത്രാനായ ആൾ) ആക മാനസിനഡ് വിളിച്ചുകൂട്ടി നടത്തേണ്ടതാണ്.

(തുടരും....)





# ഒന്നാം കാതോലിക്ക

*(ഭാഗ്യസ്മരണാർഹനായ അഭി. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത രചിച്ച*
***മുറിമറ്റത്തിൽ ബാവ - ഒന്നാം കാതോലിക്ക***
*എന്ന ഗ്രന്ഥത്തിൽ നിന്ന്)*

മലങ്കര മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ദിവന്നാസ്യോസിനെ അബ്ദുള്ള പാത്രിയർക്കീസ് മുടക്കിയതിനെ തുടർന്ന് സഭാന്തരീക്ഷം കലുഷിതമായി. പാത്രിയർക്കീസിനെ തുണയ്ക്കുന്നവരുടെ ഒരു ഗ്രൂപ്പ് ഇവിടെയുണ്ടായി.

അബ്ദുള്ള പാത്രിയർക്കീസിന്റെ മുടക്കു ബാലിശമാണെന്നു കാണിച്ച് അബ്ദേദ് മിശിഹാ പാത്രിയർക്കീസ് മലങ്കരയിലേയ്ക്ക് ഇതിനിടെ സന്ദേശം അയച്ചു. "അബ്ദുള്ളയുടെ മുടക്ക് വ്യർത്ഥമാണ്. നിങ്ങളും കൂടെയുള്ളവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു" എന്നു കാണിച്ച് അബ്ദേദ് മിശിഹാ പാത്രിയർക്കീസ് മലങ്കര മെത്രാപ്പോലീത്തയ്ക്ക് എഴുതി. അതുസഭാമക്കളെ ധൈര്യപ്പെടുത്തി.

അബ്ദുള്ള പാത്രിയർക്കീസ് മലങ്കരയിൽ ഉള്ളപ്പോൾ തന്നെ മാർ അബ്ദേദ് മിശിഹായുമായി ദിവന്നാസ്യോസ് മെത്രാപ്പോലീത്തയുടെ ആളുകൾ കത്തിടപാടുകൾ നടത്തുന്നുണ്ടായിരുന്നു. അബ്ദുൽ മിശിഹായെ മലങ്കരയിലേക്ക് വരുത്തുവാൻ ശ്രമിച്ചുവരുന്നുവെന്ന് അറിഞ്ഞ അബ്ദുള്ള പാത്രിയർക്കീസ് മാർ അബ്ദുൽ മിശിഹായുടെ മലങ്കരസന്ദർശനം തടയാൻ ശ്രമിച്ചു.

അബ്ദുള്ള പാത്രിയർക്കിസ് പോയിക്കഴിഞ്ഞു, മാർ അബ്ദേദ് മിശിഹാ പാത്രിയർക്കിസ് 1912 ൽ (ഇടവം 31 ന്) കൊച്ചിയിൽ വന്നുചേർന്നു. അദ്ദേഹത്തെ മലങ്കരയിലെ ആളുകൾ ഭക്ത്യാദരപുരസരം സ്വീകരിച്ചു. ബ്രിട്ടീഷ് കൊച്ചിയിലെ സർക്കാർവക ബംഗ്ലാവിൽ താമസിപ്പിച്ചു. അവിടെ വിശ്രമം എടുത്തശേഷം തെക്കൻ പറവൂർ പള്ളിയിലേക്കും മാന്തുരുത്തേൽ പള്ളിയിലേക്കും അവിടെനിന്ന് മുളന്തുരുത്തി പള്ളിയിലേക്കും സ്വീകരിച്ചാനയിച്ചു.

ഇതിനിടെ വട്ടിപ്പണക്കേസ് (Interpleader suit) കോടതിയിൽ ഫയൽ ചെയ്തുകഴിഞ്ഞിരുന്നു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത 1088 ചിങ്ങം 14-ാം തീയതി മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടി ഭാവി പരിപാടികളെപ്പറ്റി ആലോചിച്ചു. അതിനുശേഷം കമ്മറ്റി അംഗങ്ങളും മറ്റു സമുദായനേതാക്കളും കൂടി മാർ അബ്ദേദ് മിശിഹ പാത്രിയർക്കിസിനെ കണ്ട് മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ കാതോലിക്കോസായി ഉയർത്തണമെന്ന് അപേക്ഷിച്ചു.

മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിക്കുന്നതിൽ സഹകരിക്കാമെന്ന് മാർ അബ്ദേദ് മിശിഹാ പാത്രിയർക്കിസ് സമ്മതിച്ചിരുന്നതിനാൽ ഈ അപേക്ഷ ഔദ്യോഗികവും ഔപചാരികവുമായി നടത്തിയ ഒരു ചടങ്ങു മാത്രമായിരുന്നു. ഇവയ്ക്കും പുറമെ കുറിച്ചി കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ, വാകത്താനത്തു കാരുചിറ ഗീവർഗീസ് റമ്പാൻ തുടങ്ങി അഞ്ചുപേർക്ക് മെത്രാൻ സ്ഥാനം കൊടുക്കുവാൻ തീരുമാനിച്ചിരുന്നു.

സുന്നഹദോസും മാനേജിംഗ് കമ്മറ്റിയും ഏകകണ്ഠമായിട്ടാണ് മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ കാതോലിക്കോസായി അവരോധിക്കണമെന്ന് തീരുമാനിച്ചത്. അന്ന് പരുമല സിമ്മനാരിയിൽ ഉണ്ടായിരുന്ന മാർ ഈവാനിയോസ് തിരുമേനി തനിക്കു വാർദ്ധക്യവും ക്ഷീണവും ആകയാൽ തൽസ്ഥാനം സ്വീകരിക്കുന്നതിനു യോഗ്യനല്ലെന്നു പറഞ്ഞു. അതിന് താൻ അപ്രാപ്തനാണെന്നും തന്നെ ഒഴിവാക്കണമെന്നും കല്ലാശ്ശേരിൽ പുന്നൂസ് റമ്പാനെ കാതോലിക്കോസായി അവരോധിക്കണമെന്നും മുറിമറ്റത്തിൽ തിരുമേനി പറഞ്ഞു. സമുദായാഭിമാനികളായ ജോൺ വക്കീൽ, ചാക്കോ സൂപ്രണ്ട്, കെ.സി. മാമ്മൻമാപ്പിള, ഒ.എം. ചെറിയാൻ, എം.

എ. അച്ചൻ തുടങ്ങിയവർ തിരുമേനിയെ കണ്ടു കാതോലിക്കാസ്ഥാനം സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. എന്നിട്ടും അദ്ദേഹം സമ്മതിക്കാതെ കോലഞ്ചേരിക്കു മടങ്ങുകയാണ്ടായത്.

തിരുമേനിയുടെ ഈ നിർബന്ധവും പിന്മാറ്റവും എല്ലാവരെയും വ്യസനിപ്പിച്ചു. കോലഞ്ചേരിയിൽ തിരിച്ചെത്തിയ ശേഷം മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്തയുടെ പേർക്ക്, സ്ഥാനം സ്വീകരിക്കുന്നതിനുള്ള വൈമനസ്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു കത്തും അയച്ചു. സമർത്ഥനും ഒന്നുകൊണ്ടും ഭയപ്പെടാത്തവനുമായ ദിവന്നാസ്യോസ് മെത്രാച്ചൻപോലും ഈ കത്തു വായിച്ച് അമ്പരന്നുപോയി.

കാതോലിക്കാസ്ഥാനാരോഹണം നടത്തുവാൻ ഉദ്ദേശിച്ചിരുന്ന തീയതിക്കു രണ്ടുമൂന്ന് ദിവസം മുമ്പ് വട്ടശ്ശേരിൽ തിരുമേനി മുറിമറ്റത്തിൽ തിരുമേനിക്ക് ഒരു കത്തെഴുതി: "കാതോലിക്കാസ്ഥാനാരോഹണം നടക്കുന്നതിന് ഇനി ഒന്നു രണ്ടു ദിവസമേയുള്ളു. ആ സ്ഥാനത്തേക്കു വൈദിക സുന്നഹദോസ്, തിരുമേനിയെയാണ് ഐകകണ്ഠ്യേന തെരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടു തിരുമേനി ഉടൻതന്നെ ഈ ആളുമൊരുമിച്ച് പരുമല സിമ്മനാരിയിൽ വന്നു ചേരണം. ഇതിലേക്ക് എന്തെങ്കിലും തരത്തിൽ വൈമനസ്യം കാണിക്കുന്നത് പാവപ്പെട്ട നമ്മുടെ സഭയോട് തിരുമനസ്സുകൊണ്ട് ചെയ്യുന്ന ഒരു മഹാപാതകമായിരിക്കും. പിൻതലമുറ ഇതേപ്പറ്റി പശ്ചാത്തപിക്കേണ്ടിവരും".

ഈ കത്ത് ഒരു ദൂതൻവശമാണ് കൊടുത്തയച്ചത്. എഴുത്ത് കൈപ്പറ്റി പൊട്ടിച്ചു വായിച്ചതോടുകൂടി മുറിമറ്റത്തിൽ തിരുമേനി വളരെ അസ്വസ്ഥനായിത്തീർന്നു.

കാതോലിക്കാസ്ഥാനം സ്വീകരിക്കാൻ അശേഷവും മനസ്സില്ല, തൃപ്തിയും തോന്നുന്നില്ല. എന്നാൽ, താൻ മുഖാന്തിരം മലങ്കരസഭയ്ക്ക് കൈവരാൻ പോകുന്ന മഹാഭാഗ്യത്തിന് താനൊരു വിലങ്ങുതടിയായിത്തീരുന്നത് വളരെ കഷ്ടമായിരിക്കുമെന്നു തോന്നി. ഭാവിതലമുറയോടും സഭയുടെ ഭാവിയോടും ചെയ്യുന്ന ഒരു മഹാപരാധവുമായിരിക്കും. തിരുമേനിയുടെ മനസ്സിൽ എന്തെന്നില്ലാത്ത സംഘർഷാവസ്ഥയും പോരാട്ടവും വടംവലിയും നടക്കുകയാണ്. എന്തു തീരുമാനം എടുക്കണമെന്നറിയാതെ കുഴങ്ങിയിരുന്ന സന്ദർഭത്തിൽ കോലഞ്ചേരിപ്പള്ളി ഇടവകയിൽ തനിക്കു വേണ്ടപ്പെട്ട പട്ടക്കാരും ഉറ്റ സ്നേഹിതന്മാരും ആയവരെ വിളിച്ചുവരുത്തി അവരുടെ അഭിപ്രായം ആരാഞ്ഞു.

തിരുമേനിയുടെ മനസ്സിന്റെ പിരിമുറുക്കം അവരുടെ മുമ്പിൽ അവതരിപ്പിച്ചു. കാതോലിക്കാസ്ഥാനം സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്നും അതു സഭയുടെ നല്ല ഭാവിക്കുള്ള തുടക്കമാണെന്നും അതിനു തടസ്സം നിൽക്കരുതെന്നും അവർ സൂചിപ്പിച്ചു. മാർ ദിവന്നാസ്യോസിന്റെ കത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ പരുമലയ്ക്ക് ഉടനെതന്നെ പുറപ്പെടുകയാണ് വെണ്ടതെന്നും എല്ലാവരും തിരുമേനിയെ അറിയിച്ചു.

അത് ദൈവഹിതമെന്ന് ഉറച്ചുകൊണ്ട് മുറിമറ്റത്തിൽ തിരുമേനി പരുമലയ്ക്ക് പുറപ്പെട്ടു. മുറിമറ്റത്തിൽ ഗീവർഗീസ് കത്തനാർ, പ്രിയശിഷ്യൻ മല്പാൻ തേനുങ്കൽ ഗീവർഗീസ് കത്തനാർ, മത്തായി ആശാൻ എന്നിവരൊന്നിച്ചാണ് യാത്ര തിരിച്ചത്. ആദ്യം തെക്കൻ പറവൂർ പള്ളിയിൽ എത്തി അവിടെനിന്നും കോട്ടയത്തേക്കു യാത്ര തിരിച്ചു. കോട്ടയം സെമിനാരിയിലും അവിടെനിന്ന് പരുമല സെമിനാരിയിലും എത്തി. തുടർന്ന് സ്ഥാനാരോഹണവേദിയായി നിശ്ചയിക്കപ്പെട്ടിരുന്ന നിരണം പള്ളിയിലും എത്തിച്ചേർന്നു.

മലങ്കര സഭ അനേക കാലമായി ശുഭപ്രതീക്ഷയോടുകൂടി കാത്തിരുന്ന കാതോലിക്കാസിംഹാസനം 1912 കന്നിമാസം 2-ാം തീയതി (1912 സെപ്തംബർ 15-ാം തീയതി) മലങ്കരയിൽ സ്ഥാപിതമായി. മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ കിഴക്കിന്റെ കാതോലിക്കോസായി ബസ്സേലിയോസ് പൗലോസ് പ്രഥമൻ എന്ന പേരിൽ അവരോധിക്കുകയും ചെയ്തു. കാതോലിക്കാസ്ഥാനാരോഹണത്തിൽ മാർ അബ്ദേദ് മിശിഹാ പാത്രിയർക്കീസിനോടുകൂടെ മാർ ഗീവർഗീസ് ദിവന്നാസ്യോസിന്റെയും മാർ ഗ്രിഗോറിയോസിന്റെയും സഹകരണം ഉണ്ടായിരുന്നു.

ആ വർഷം മകരം 26-ാം തീയതി മാർ അബ്ദേദ് മിശിഹാ പാത്രിയർക്കിസ് ബസ്സേലിയോസ് പൗലോസ് കാതോലിക്കായുടെയും മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്ത, മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത എന്നിവരുടെ സഹകരണത്തോടെയും കണ്ടനാട്ടു കരവട്ടെ വീട്ടിൽ യൂയാകിം റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിലും വാകത്താനത്തു കാരുചിറ ഗീവർഗീസ് റമ്പാനെ മാർ പീലക്സിനോസ് എന്ന പേരിലും ചെങ്ങന്നൂർ പള്ളിയിൽ വെച്ച് മെത്രാന്മാരായി വാഴിച്ചു. കാതോലിക്കസ്ഥാനം ഏറ്റശേഷം തെക്കൻപ്രദേശത്തുള്ള പള്ളികൾ ആദ്യമായി സന്ദർശിച്ചു. പിന്നീട് സ്വന്തം ഇടവകയായ കോലഞ്ചേരിയിൽ വന്നു താമസിക്കുകയും ചെയ്തു.

✤

# പ.ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവയുടെ കല്പന

## (മൂവാറ്റുപുഴ അരമനസ്ഥലം വാങ്ങിയതു സംബന്ധിച്ച്)

മലങ്കര, കണ്ടനാട് മുതലായ പള്ളികളുടെ മാർ ഈവാനിയോസ് മെത്രാപ്പോലിത്ത എഴുതുന്നത്.

(മുദ്ര)

നമ്മുടെ പിറവത്തുപള്ളിക്കാർക്ക് ദൈവത്തിൽ നിന്ന് വാഴ്‌വും സമാധാനവും ഉണ്ടായിരിക്കട്ടെ. മൂവാറ്റുപുഴ, മണ്ടപത്തുംവാതിൽ, മുൻസിഫ്കോർട്ട്, രജിസ്റ്റർ ആശുപത്രി, അഞ്ചൽപുര മുതലായ കച്ചേരിസ്ഥലങ്ങളും ആറ്, റോഡ്, ചന്ത, മുസാവുരി ബംഗ്ലാവ് ഇതുകളും പല ജാതിക്കാരും അവിടെ രാജ്യവാസികളായി സഹവസിക്കുകയും ചെയ്യുന്നതിനാൽ ആ സ്ഥലം ഇപ്പോൾ ഒരു പ്രധാന സ്ഥലമായിരിക്കുന്നു. നമ്മുടെ 38 പള്ളികളിലുള്ള ജനങ്ങൾ കച്ചേരിസംബന്ധമായ കാര്യങ്ങളിലും മറ്റും കൂടെക്കൂടെ സഹവസിച്ചുവരുന്ന സ്ഥിതിക്ക് നമുക്കായി ഒരു പൊതുസ്ഥലം ഇല്ലെന്നു മാത്രമല്ല, നമ്മുടെ ജനങ്ങളുടെ ഒരു വീടുപോലും ആ സ്ഥലത്തില്ലാതിരിക്കുന്നതിനാൽ പ്രയാസം അനുഭവിക്കേണ്ടിയിരിക്കുന്നു. അവിടെ നമുക്ക് ഒരു പള്ളി പണിയുക എന്നത് ഒക്കുക എന്നു വന്നാൽ ആകപ്പാടെ നമ്മുടെ ജനത്തിന് ഒരു ശ്രേഷ്ഠതയും സാധുക്കളായ നമ്മുടെ ജനങ്ങൾ ഓരോരോ കച്ചവടത്തിനായിട്ടും മറ്റും ചെന്നു പാർത്ത രാജ്യവാസികളാകുന്നതിനെടെ വരുന്നതും ബഹു. റസിഡന്റ്, ദിവാൻജി മുതലായ മഹാന്മാരെ അവിടെവച്ചു കാണുന്നതിനും എളുപ്പവും അതിൽ വെച്ച് അനേകം ഗുണങ്ങൾ ലഭിപ്പാൻ സംഗതി വരുമെന്നും മറ്റും നമുക്കുണ്ടായ വിചാരം നിവർത്തിക്കേണ്ടതിനെപ്പറ്റി എല്ലാവരുമായി ആലോചിപ്പാൻ പ്രയാസവും താമസവും എന്നുകണ്ട് ഏതാനും പേരോട് ആലോചിച്ചതിൽ കൊള്ളാമെന്ന് അവരും അഭിപ്രായപ്പെടുകയാൽ കഴിഞ്ഞമാസം 26-ാം തീയതി സ്ഥലം നോക്കികാണുന്നതിന് അവധി നിശ്ചയിക്കുകയും അവിടെ വന്നുകൂടപ്പെടുന്നതിനായി വടകര, കോതമംഗലം, കടമറ്റം, കുറുപ്പംപടി, മാമ്മലശ്ശേരി, പള്ളിക്കര മുതലായ ഏതാനു പള്ളിക്കാർക്കു കല്പന അയച്ചു. നാം മൂവാറ്റുപുഴ എത്തി മൂന്നു ദിവസം റോമ്മാപള്ളി മുറിയിൽ താമസിക്കുകയും വടകര, പാമ്പാക്കുട, മാമ്മലശ്ശേരി, കടമറ്റം, കോലഞ്ചേരി, കുറിഞ്ഞി, കോതമംഗലം, പോത്താനിക്കാട്, കുന്നക്കുരുടി, റാക്കാട്, പിറവം, പാലക്കുഴ, കണ്ടനാട്, മാറാടി ഇത്രയും പള്ളിക്കാര് കൂടെപ്പെടുകയും ചെയ്തു. രണ്ടു ദിവസം സ്ഥലം നോക്കിയാതിൽ സത്രത്തിന് തെക്കുവശവും മുസാവുരി ബംഗ്ലാവിന് കിഴക്കുവശവുമുള്ള പവട്ടകോട്ടമല ഉയർന്ന സ്ഥലവും അവിടെനിന്ന് നാലു വശത്തേക്കും നോട്ടമുള്ളതും കച്ചേരിക്കും ആശുപത്രിക്കും മദ്ധ്യേയും റോഡിലേക്ക് ദർശനവും ഉള്ളതിനാൽ അവിടെ പള്ളിക്കു കൊള്ളാമെന്ന് കൂടപ്പെട്ടവരായ എല്ലാവരുടെയും ആലോചനയോടുംകൂടി സ്ഥലം നിശ്ചയിച്ച് പള്ളിവെയ്ക്കുന്നതിന് അനുവദിച്ച് ഉത്തരവുണ്ടാക്കുവാൻ ഹർജി ബോധിപ്പിക്കുകയും ബഹു.ദിവാൻ പേഷ്കാരവർകളെയും തഹസ്സിൽദാരവർകളെയും കണ്ടു മുഖദാവിൽ വിവരം തെരിയപ്പെടുത്തുകയും ചെയ്തു. കൂടാതെ പള്ളിയും മുറിയും ഉണ്ടാക്കുന്നതിന് മുമ്പെ ഇപ്പോൾ തന്നെ നമ്മുടെ ജനങ്ങൾ എല്ലാവർക്കും ആവശ്യം വന്നാൽ താമസിപ്പാൻവേണ്ടി ടി മൂലയ്ക്കു ചേർന്ന് പടിഞ്ഞാറ് തെക്കുവശത്തുള്ളതായ അപ്പാത്തിക്കാരിയുടെ വക മെച്ചിൽ പുരയിടവും പുരയും പുരയിടത്തോടു ചേർന്ന് പതിയാത്തതായ പുതുവൽ 7 ഇടങ്ങഴി വിത്തുപാടു സ്ഥലവുംകൂടി സുറിയാനി സമുദായത്തിലെ ഉപയോഗത്തിനുവേണ്ടി (നമ്മുടെ പേർക്ക്) മലയാളം കണക്ക് കഴിഞ്ഞ മാസം 25-ാം തീയതി (1063-ാം മാണ്ട് തുലാം 25-ാം തീയതി) തീറുവാങ്ങി. 281-ാം നമ്പറായി രജിസ്റ്ററാക്കുകയുംചെയ്തു. ഈ രൂപ തീറുവിലയും മുദ്ര കടലാസ് വകയും രജിസ്ട്രാറെ പള്ളിമുറിയിൽ വരുത്തുന്നതിലേക്ക് പടികെട്ടിയതും ഒരു പൊതുവക്കാലത്തുകൂടി രജിസ്റ്ററാക്കിവച്ചവകയ്ക്കും ഉൾപ്പെടെ 20 ചില്വാനം രൂപ ചെലവായിട്ടുണ്ട്. തീറുവില രൂപ മുന്നൂറും അടുത്ത ധനുമാസം 30-ാം തീയതിക്ക് കൊടുത്തുകൊള്ളാമെന്നു കടപ്പത്രം എഴുതി കൊടുക്കുകയും അപ്പോൾ കൂടപ്പെട്ടവർ എല്ലാ പള്ളികൾക്കും യഥാശക്തിപോലെ വീതിച്ചതിൽ ആ പള്ളിക്ക് 25 രൂപ വീതിക്കുകയും ചെയ്തിരിക്കുന്നതിനാൽ ആ വക രൂപ ഇരുപത്തിയഞ്ചും കല്പനയും കൊണ്ടുവരുന്ന നമ്മുടെ കോച്ചേരിൽ യൂഹാനോൻ ശെമ്മാശൻ പക്കൽ കൊടുത്തയച്ചുകൊള്ളുകയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് 1887 നും കൊല്ലം 1063-ാമാണ്ട് വൃശ്ചികമാസം 25-ാം തീയതി മാമ്മലശ്ശേരി പള്ളിയിൽ നിന്നും.



# സഭാ ശുശ്രൂഷയിലെ രണ്ടു പതിറ്റാണ്ടുകളുടെ യാഥാർത്ഥ്യം *(തുടർച്ച)*

ഫാ. ജോസ് തോമസ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ആത്മകഥാപരമായ ഓർമ്മക്കുറിപ്പുകളുടെ ആരംഭം മുതലുള്ള സംഭവവിവരണങ്ങളെ ഗ്രഹിക്കുവാനുള്ള കഴിവും, അഭിവന്ദ്യ തിരുമേനിയുടെ ബൗദ്ധിക നിലവാരത്തിലേക്കുയരാനുള്ള ജ്ഞാനവും വായനക്കാർക്കില്ലെങ്കിലും, കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുവാനുള്ള വിവേകവും തിരിച്ചറിവും വായനക്കാർക്കുണ്ടെന്ന സത്യം വിസ്മരിക്കാനാവില്ലല്ലോ. ഇതൊരു ഹാഗിയോഗ്രാഫിയല്ലാത്തതിനാൽ കാര്യം പറയുമ്പോൾ കാലുഷ്യം കാട്ടുകയില്ലെന്നു കരുതുന്നു.

1958 ലെ സുപ്രീം കോടതി വിധിയിലൂടെ തങ്ങളുടെ നിലനിൽപ് അവതാളത്തിലായെന്നു തിരിച്ചറിഞ്ഞതുമൂലം യോജിപ്പിനും സമാധാനത്തിനും തയ്യാറായി വന്ന അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തോട് കോടതി വിധി പ്രകാരം ഈടാക്കേണ്ട ഭാരിച്ച കോടതി ചിലവു വാങ്ങാതെ കരുണ കാണിച്ചത് യേശുക്രിസ്തുവിന്റെ ദിവ്യസ്നേഹം കറപുരളാതെ ഉള്ളിൽ സൂക്ഷിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതിയൻ ബാവയുടെ നല്ല മനസ്സ്. അസൂയയും പകയും പിണക്കവും ഉള്ളിൽ സൂക്ഷിക്കുന്നവർക്ക് ഇത് തിരിച്ചറിയുവാൻ കഴികയില്ല എന്നത് സ്വാഭാവികം. വൃദ്ധൻ പുന്നൂസ് എന്നു വിളിച്ച് ആക്ഷേപിച്ചവരെ യാതൊരു വിരോധവുമില്ലാതെ തുറന്ന മനസ്സോടും പുത്ര നിർവിശേഷത്തോടെയും രണ്ടു കൈയ്യും നീട്ടി സ്വീകരിച്ച ആ പുണ്യാത്മാവിനെ അപമാനിക്കുവാൻ എങ്ങനെ മനസ്സുവരുമെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാവുന്നില്ല. ഇതൊരു പുതിയ കാര്യമല്ലെന്നറിയാം. 1990 ൽ മെത്രാപ്പോലീത്തയായ അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി ആദ്യം ചെയ്ത കാര്യം ഓർത്തഡോക്സിയുടെ കാവൽ ഭടനായിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയെ അപകീർത്തിപ്പെടുത്തിക്കൊണ്ടും അപമാനിച്ചുകൊണ്ടും ലേഖനങ്ങൾ എഴുതുകയായിരുന്നല്ലോ. ഈ അഭിവന്ദ്യ പക്കോമിയോസ് തിരുമേനി കഷ്ടപ്പെട്ടു പടുത്തുയർത്തിയ കാതോലിക്കേറ്റ് സെന്ററുകൾ വളഞ്ഞ വഴിയിലൂടെ കൈവശപ്പെടുത്തുവാൻ നടത്തുന്ന കുത്സിതവും അധാർമ്മികവുമായ പ്രവർത്തികളെ എതിർത്തതിനാലാണല്ലോ സ്വന്തം മനോരോഗചികിത്സാലയത്തിലെ തന്റെ സഹോദരപുത്രനായ വൈദികനെക്കൊണ്ട് കണ്ടനാട് ഭദ്രാസനത്തിലെ ഒരു പ്രമുഖവൈദികന് മനോരോഗമുണ്ടെന്ന് വ്യജ സർട്ടിഫിക്കറ്റ് സഭാകേന്ദ്രത്തിൽ അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി കൊടുപ്പിച്ചത്. ഒരു മെത്രാപ്പോലീത്ത ഇത്രയും തരം താഴാമോ? സന്ദർഭവശാൽ ഇതെഴുതിയെന്നു മാത്രം.

സ്വീകരണ കല്പനകൾ കൈമാറിയപ്പോൾ മുടക്കപ്പെട്ട കാതോലിക്കാ കക്ഷിക്കാർ മുടക്കില്ലാത്തവരായി. പട്ടത്വമില്ലെന്ന് ആക്ഷേപിച്ചിരുന്നവർക്ക് കാതോലിക്കയും കൂട്ടരും പട്ടത്വമുള്ളവരായി. സുപ്രീം കോടതി ജഡിജിമാർ ഒരു ജഡ്ജ്മെന്റ് എഴുതി ഒപ്പിട്ടാൽ ഇല്ലാത്ത പട്ടം ഉണ്ടാകുമോ? എന്തായാലും കടലാസിന്റെ രൂപത്തിലും പട്ടത്വ നൽവരം കടന്നുവരാമെന്ന് ഇവിടുള്ളവരെ പഠിപ്പിച്ചു.

സഭാസമാധാനത്തിനന്നു ബാവാകക്ഷിക്കാർ തയ്യാറായത് സഭയോടുള്ള സ്നേഹം നിമിത്തമോ, സമാധാന പ്രിയരായിരുന്നിട്ടോ, ഐക്യത്തിനുവേണ്ടിയുള്ള ദാഹം നിമിത്തമോ ആയിരുന്നില്ലായെന്നും തങ്ങളുടെ നിലനിൽപ്പ് അപകടത്തിലായതുകൊണ്ടു മാത്രമായിരുന്നുവെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിച്ചു. അതിന്റെ തിക്താനുഭവങ്ങൾ ഏറ്റവും കൂടുതൽ അനുഭവിച്ചത് അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയുടെ ഭരണകാലത്ത്, കണ്ടനാട് ഭദ്രാസനത്തിലെ ഓർത്തഡോക്സുകാരായ വൈദികരും വിശ്വാസികളുമായിരുന്നു. അതനുഭവിച്ചവരെല്ലാവരും മരിച്ചുപോയിട്ടില്ലായെന്നോർക്കണം. ഇപ്പോഴും അഭി. അത്താനാസ്യോസ് തിരു

മേനിയുടെ കീഴിലുള്ള ഓർത്തഡോക്സുകാരുടെ അവസ്ഥയും അന്നത്തേതിൽ നിന്നും വിഭിന്നമല്ലല്ലോ! He that once deveives is ever suspected. അതിനാൽ അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയുടെ പ്രവർത്തനങ്ങളെയും സംശയത്തോടെ വീക്ഷിക്കുന്നതിൽ തെറ്റുപറഞ്ഞിട്ടു കാര്യമില്ലല്ലോ. തന്നെയുമല്ല, ഇതര സഭകളുമായും പാത്രിയർക്കീസ് വിഭാഗവുമായും മദ്ധ്യസ്ഥർ മുഖാന്തിരവും അല്ലാതെയും രഹസ്യമായി നടത്തുന്ന അനൗദ്യോഗിക ചർച്ചകളും അതിനെ തുടർന്ന് മുള്ളും മുനയും വച്ചതും, ചിലപ്പോൾ എങ്ങും തൊടാതെയുമുള്ള പ്രസ്താവനകളും സഭയുടെ നന്മയ്ക്കാണെന്ന് ആരും കരുതുന്നില്ല. കൂടെയുള്ള ചില വൈദികരുടെ എതിർപ്പുകൾ മൂലം പല ചർച്ചകളും പാതിവഴിയിൽ ഉപേക്ഷിക്കേണ്ടതായി വന്നുവെന്ന് അറിയുന്നു. ഇതൊക്കെ എത്ര ശക്തിയോടെ നിഷേധിച്ചാലും സത്യം മറഞ്ഞിരിക്കുകയില്ലല്ലോ. പണ്ട് പാത്രിയർക്കീസ് പക്ഷത്തായിരുന്നപ്പോൾ ചെയ്ത തിന്മകളെ ഇപ്പോഴും ന്യായീകരിക്കുന്ന അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയെ സംശയത്തോടെ വീക്ഷിക്കുന്ന കണ്ടനാട് ഭദ്രാസനത്തിലെ സാധാരണക്കാരായ ഓർത്തഡോക്സുകാരുടെ ഗ്രഹണ ശക്തിയും ബൗദ്ധികനിലവാരവുമെല്ലാം പരിഗണിക്കുമ്പോൾ അഭിവന്ദ്യ തിരുമേനിയെപ്പോലുള്ള പണ്ഡിതരും ആദർശധീരരുമായവർ ക്ഷമിക്കുമെന്നു കരുതുന്നു.

''വിശ്വസ്തത'' പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലൊന്നാണ്. (ഗലാത്യർ 5 : 22) അതില്ലാതിരുന്നതിനാലാണ് execute ചെയ്യാത്ത കോടതി വിധി കാലഹരണപ്പെടുവാൻ കാത്തിരുന്നതും, അവസരം വന്നപ്പോൾ സഭയിൽ പിളർപ്പുണ്ടാക്കിയതും. 1934 ലെ ഭരണഘടന യാതൊരു ഉപാധികളുമില്ലാതെ അംഗീകരിച്ചവർ, യാതൊരു ലജ്ജയുമില്ലാതെ അതിനെ തള്ളിപ്പറഞ്ഞു. സൂര്യചന്ദ്രന്മാർ ഉള്ളിടത്തോളം കാലം കണ്ണിലെ കൃഷ്ണമണിപോലെ കാതോലിക്കേറ്റിനെ സംരക്ഷിച്ചുകൊള്ളാമെന്ന് പുത്തൻകാവ് പള്ളിമുറ്റത്ത് പൊതുജനമദ്ധ്യേ നിന്ന് പ്രതിജ്ഞയെടുത്ത അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത അധികാരമോഹത്താൽ മലക്കം മറിഞ്ഞു. അതിന് പുണ്യവാനായ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവയുടെ മുഖത്ത് ചെളി വാരിയെറിയുന്നതെന്തിന്? അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ സന്തതസഹചാരിയായിരുന്നവർക്കുപോലും അറിവില്ലാത്ത ഒരു കെട്ടുകഥയുമായി പിളർപ്പിനെ ന്യായീകരിക്കുന്നു. പരിശുദ്ധ ഔഗേൻ ബാവയോടു സ്നേഹമായിരുന്നുപോലും. മൂവാറ്റുപുഴ അരമനയിലെ പട്ടിക്ക് പ. ഔഗേൻ ബാവയുടെ പേരിട്ട് വിളിച്ച് ആത്മനിർവൃതിയടഞ്ഞവരുടെ കൂട്ടത്തിൽ അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയും അന്നുണ്ടായിരുന്നത് പ. ഔഗേൻ ബാവായോടുള്ള സ്നേഹാധിരേകത്താലാണോ ഐക്യദാഹത്താലായിരുന്നോയെന്നു കണ്ടുപിടിക്കുവാൻ ഏത് എക്യുമെനിക്കൽ വീക്ഷണത്തിലാണ് ഗവേഷണം നടത്തേണ്ടത്? പിറവം പള്ളിയിൽ വച്ച് പാതിരാത്രിയിൽ പരിശുദ്ധ ഔഗേൻ ബാവയെ കാപ്പിവടിക്കടിച്ച് പുറകോട്ട് നടത്തി ഇറക്കിവിട്ടതും സഭാസമാധാനത്തിനുള്ള ഒടുങ്ങാത്ത ആഗ്രഹത്താലായിരിക്കാം. "എന്റെ മക്കളെ എന്നെ തല്ലേണ്ട ഞാൻ പൊയ്ക്കൊള്ളാം" എന്നു കരഞ്ഞു പറഞ്ഞിട്ടും ക്രൂരമായി മർദ്ദിച്ചതാണോ പാത്രിയർക്കീസ് വിഭാഗത്തിന്റെ സമാധാനപ്രിയം? എറണാകുളം സമ്മേളനത്തിനുപോയ കടമറ്റത്തുള്ള ഓർത്തഡോക്സുകാരൻ ഓനൻ കുഞ്ഞിനെ കല്ലെറിഞ്ഞുകൊന്നത് ആരുടെ സമാധാനത്തിനായിരുന്നു. 2011 ഫെബ്രുവരിയിലെ ഡയോസിഷൻ ബുള്ളറ്റിനിൽ വിവരിച്ചിരിക്കുന്ന പാലാമ്പടം എപ്പിസോഡിന്റെ യഥാർത്ഥവസ്തുതകൾ എന്താണ്? അതെന്തിനാണ് മറച്ചുവച്ചത്? സ്വന്തം അരിവയ്പ്പുകാരൻ മെത്രാപ്പോലീത്ത, കാതോലിക്ക ആയേക്കും എന്ന ഭയം പാലാമ്പടംകാർ അഭിവന്ദ്യ പീലക്സിനോസ് തിരുമേനിക്ക് നൽകിയിരുന്നുവെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തകാലം ചെയ്തതിനടുത്ത ദിവസം മലയാളമനോരമ ദിനപ്പത്രത്തിൽ ഡോ. ബാബു പോൾ എഴുതിയ അനുസ്മരണത്തിൽ ഈ അരിവയ്പുകാരന് വാലു കിളിർത്തകാര്യം വ്യക്തമാക്കിയിരുന്നത് ഈ പാലാമ്പടം സംഭവത്തെ സാധൂകരിക്കുന്നതല്ലേ?.

യൂദാസ് ഇസ്കറിയാത്ത പോലും ലജ്ജിക്കുന്ന വിധത്തിൽ തന്റെ സഭയെ ഒറ്റുകൊടുത്തു നേടിയ സ്ഥാനം എത്രകാലം സമാധാനത്തോടെ അനുഭവിക്കാൻ കഴിഞ്ഞു? അതിന്റെ അന്ത്യമെങ്ങനെയായിരുന്നെന്നും വിലയിരുത്തേണ്ടതായിരുന്നു. ആ ദയനീയമായ അവസ്ഥ 28.09.1989 ൽ അദ്ദേഹം പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് എഴുതിയ കത്തിൽ ചുരുങ്ങിയ വാക്കുകളിലാണെങ്കിലും വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ, അന്ന് അസിസ്റ്റന്റ് മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി, അദ്ദേഹത്തെ സമർത്ഥമായി പിറമാടം ദയറായിൽ ഒതുക്കിക്കൂട്ടിയതും പരസ്യമായ രഹസ്യമാണല്ലോ. കൂടെയുണ്ടായിരുന്ന വൈദികരിലും വിശ്വാസികളിലും ഭൂരിഭാഗവും അഭിവന്ദ്യ അത്താനാസ്യോസ്

തിരുമേനിയെ ഉപേക്ഷിച്ചതിന്റെ പ്രധാനകാരണങ്ങളിലൊന്ന് ഇതായിരുന്നു. അല്ലാതെ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയോ വൈദികരോ വിശ്വാസികളോ അല്ലായിരുന്നു. അടിവരയിട്ടു പറയേണ്ട ഈ സത്യം അങ്ങെന്തിനാണ് മറച്ചുപിടിച്ച് ജനങ്ങളെ വഞ്ചിക്കുന്നത്? അന്ന് വിശ്വസ്തതയ്ക്ക് വിലയില്ലെന്നു ഒരു മഹാപുരോഹിതൻ തെളിയിക്കുവാൻ ശ്രമിച്ചത്, സഭയെ വലിയൊരു അപചയത്തിലേക്കാണ് നയിച്ചത്. സത്യസന്ധതയ്ക്ക് വിലയില്ലെന്ന് ഒരു മേല്പ്പട്ടക്കാരൻ വിധിയെഴുതിയപ്പോൾ സാധാരണ ജനങ്ങൾ എത്ര മാത്രം വില സത്യത്തിന് നൽകും.

യാതൊരു വിദ്യാഭ്യാസ യോഗ്യതയോ, വൈദിക പരിശീലനമോ, ധാർമ്മികതയോ, സഭാജീവിതമോ ഇല്ലാത്തവരെ പണം വാങ്ങി പട്ടം നൽകിയതിലൂടെ പൊതുജനമദ്ധ്യത്തിൽ വൈദികസ്ഥാനികളെ അപഹാസ്യരാക്കിയില്ലേ? അതി ന്റെ ന്യായീകരണമായിരുന്നു വലിയ തമാശ. "കർത്താവിന്റെ ശിഷ്യന്മാർക്ക് എന്ത് വിദ്യാഭ്യാസയോഗ്യതയാണുണ്ടായിരുന്നത്?" ഈ ചോദ്യം ഉന്നയിച്ചവർ വിസ്മരിച്ചുപോയ ഒരു കാര്യമുണ്ട്. ഈ വൈദികസ്ഥാനികൾക്ക് ഇല്ലാതിരുന്ന ഗുണങ്ങൾ പരിശുദ്ധ ശ്ലീഹന്മാർക്കുണ്ടായിരുന്നു. യേശുക്രിസ്തുവിലുള്ള അചഞ്ചലവിശ്വാസം, അനന്യഭക്തി, സത്യസന്ധത, സൗമ്യത, വിശ്വസ്തത, നൈർമല്യം, ധാർമ്മികത തുടങ്ങിയവ ഇപ്രകാരം പട്ടം കൊടുത്തവരെ ഉപയോഗിച്ച് പള്ളികളും അനുബന്ധസ്ഥാപനങ്ങളും കയ്യേറുകയല്ലായിരുന്നോ പ്രധാന സഭാ ശുശ്രൂഷകൾ? അർദ്ധരാത്രിയിൽ, കൂരിരുളിന്റെ മറവിൽ ജനാല അഴി മുറിച്ച് പള്ളിയിൽ കയറുക, ഓടിളക്കി മാറ്റി മേൽക്കൂര വഴി പള്ളിയ്ക്കുള്ളിൽ കടന്ന് വി.കുർബ്ബാന അർപ്പിക്കുവാൻ ശ്രമിക്കുക, അതിനെ തുടർന്ന് അവകാശം സ്ഥാപിക്കുക. ഇതിനെല്ലാം വേദവചനങ്ങളുടെ പിൻബലവും കണ്ടെത്തിയിരുന്നു. ഇങ്ങനെ പള്ളിയകത്ത് പ്രവേശിച്ചു കർമ്മമനുഷ്ഠിച്ച ഒരു 'പട്ട'ക്കാരൻ പറഞ്ഞത് ഇപ്രകാരമായിരുന്നു. – "ഞാൻ പള്ളിയിലേക്കു രാത്രിയിൽ ചെന്നപ്പോൾ ദൈവശക്തിയാൽ വാതിൽ തനിയെ തുറന്നു വരികയായിരുന്നു." ഇങ്ങനെയുള്ളവരെ നയിക്കുവാനല്ലേ അങ്ങയെ മേല്പ്പട്ടക്കാരനാക്കിയത്? എന്തായാലും വൈദികർക്ക് വിദ്യാഭ്യാസം വേണമെന്ന് ഇപ്പോഴെങ്കിലും സമ്മതിച്ചുവല്ലോ. (2011 ജനുവരി ലക്കം ഡയോസിഷൻ ബുള്ളറ്റിൻ)

കോട്ടയം പഴയ സെമിനാരിയിലെ വിദ്യാഭ്യാസത്തിന് മികവില്ലെന്നു പറഞ്ഞ് ആക്ഷേപിച്ച്, തന്റെ വൈദികവിദ്യാർത്ഥികളെ മറ്റു പ്രൊട്ടസ്റ്റന്റ് തിയോളജിക്കൽ കോളേജിലയച്ചു പഠിപ്പിക്കുന്ന, അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി, പഴയ സെമിനാരിയുടെ ഗവേണിംഗ് ബോഡിയിലേക്ക് തന്റെ ഒരു വൈദികനെ തിരുകിക്കയറ്റിയത്, അതിലൂടെ സെമിനാരിയെ ഉദ്ധരിക്കാനാവും. തന്റെ വൈദികവിദ്യാർത്ഥികൾക്കു പഠിക്കുവാൻ തക്ക യോഗ്യത പഴയ സെമിനാരിക്കില്ലെങ്കിലും അതിന്റെ മേൽ ഒരു പിടി ഉള്ളത് നല്ലതാണല്ലോ. പുട്ടു കുത്തിയിടുന്നതുപോലെയാണ് സെമിനാരിയിൽ നിന്നും വർഷംതോറും വൈദികരെ സൃഷ്ടിക്കുന്നതെന്നു കളിയാക്കിയവർ, അവിടെ പുട്ടുകുത്താനാവും അച്ചനെ വിട്ടത്. എന്തായാലും ആ ആക്ഷേപം ഞങ്ങൾ പൂമാലയായി സ്വീകരിക്കുന്നു. അവിടെ പഠിച്ചിറങ്ങിയ ഞങ്ങൾക്ക് രൂപവും ഭാവവും ഉണ്ടല്ലോ. ഞങ്ങൾക്കതിൽ അഭിമാനമുണ്ട്. പഴയ സെമിനാരിയെക്കുറിച്ചുള്ള അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയുടെ അഭിപ്രായം 2011 ജനുവരിയിലെ ഡയോസിഷൻ ബുള്ളറ്റിനിൽ വായിച്ചപ്പോൾ ഓർമ്മ വന്നത് ഇവിടെ കുറിക്കട്ടെ.- അഞ്ജനമെന്നത് ഞാനറിയും, മഞ്ഞളുപോലെ വെളുത്തിരിക്കും.

1980 ലെ ജസ്റ്റീസ് ചന്ദ്രശേഖരമേനോന്റെ വിധിയിലൂടെ കാര്യങ്ങൾ തനിക്കനുകൂലമായിരുന്നുവെന്നാണ് അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി തന്റെ ലേഖനത്തിൽ അവകാശപ്പെടുന്നത്. അതിനാൽ മേല്പട്ടസ്ഥാനത്തേക്കുള്ള തന്റെ തെരഞ്ഞെടുപ്പും വാഴിക്കലും നിയമപ്രകാരമായിരുന്നത്രേ. 1934 ലെ ഭരണഘടന ഒരു കാലത്ത് (1958) അംഗീകരിച്ചവർ അത് തള്ളിപ്പറഞ്ഞുകൊണ്ടാണിത് പറയുന്നതെന്നോർക്കണം. നിയമം ലംഘിക്കുന്നതാണ് ഏറ്റവും അന്തസ്സുള്ള കാര്യമായി ചിത്രീകരിച്ചിരിക്കുന്നത്. ആ വിധിയോടെ ഞങ്ങൾ സ്വതന്ത്രരായിയെന്നു വീമ്പിളക്കുന്നത് അവസരവാദിത്വമല്ലാതെ മറ്റെന്താണ്? അപ്രകാരം സ്വതന്ത്രരായ തങ്ങളുടെ പ്രവർത്തനങ്ങളും സാധുവാണെന്നാണ് അവകാശപ്പെടുന്നത്. അങ്ങനെയെങ്കിൽ, തന്റെ തെരഞ്ഞെടുപ്പും (അതിന്റെ മാനദണ്ഡമെന്താണെന്ന് ചോദിക്കരുത്) സ്ഥാനാരോഹണവും കഴിഞ്ഞ ഉടനെ വന്ന (1990 ജൂൺ 6) ഡിവിഷൻ ബഞ്ചുവിധിയിലൂടെ അവയെല്ലാം അസാധുവായി ത്തീർന്നില്ലേ? ജസ്റ്റീസ് ചന്ദ്രശേഖരമേനോന്റെ സിംഗിൾ ബഞ്ചു വിധി തന്റെ സ്ഥാനലബ്ധിയെ സാധൂകരിക്കുവാനുപയോഗിച്ച അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി, പിന്നീടു വന്ന ഡിവിഷൻ ബഞ്ചുവിധിയിലൂടെ ഉളവായ അയോഗ്യത എന്തിനു മറച്ചുപിടിക്കുന്നു? താനും തന്റെ കൂടെയുള്ള മറ്റു മെത്രാപ്പോലീത്തന്മാരും ആ സ്ഥാനത്തിനു യോഗ്യതയില്ലാതായിത്തീർന്നതും, ആ സ്ഥാനത്തിനടുത്ത അധികാരാവകാശങ്ങൾ ഉപയോഗിക്കുവാൻ അർഹതയില്ലാത്തവരായിത്തീർന്നുവെന്നുമുള്ള സത്യം വിഴുങ്ങിയതെന്തു

കൊണ്ട്? ഇപ്രകാരം സ്ഥാനം നഷ്ടപ്പെട്ടതുകൊണ്ടല്ലേ 1934 ലെ ഭരണഘടനയ്ക്കെതിരായി കേസ് പറഞ്ഞു 1995 ൽ തോറ്റപ്പോൾ 1997 ൽ അതേ സഭയിൽ സ്ഥാനമുറപ്പിക്കുവാൻ 1934 ലെ ഭരണഘടനയ്ക്ക് കീഴ്പ്പെട്ട് പരിശുദ്ധ കാതോലിക്കാബാവായ്ക്ക് വിധേയത്വം എഴുതിക്കൊടുത്ത് ഓർത്തഡോക്സ് സഭയിൽ ചേർന്നത്? സത്യസന്ധമെന്ന് സ്വയം പുകഴ്ത്തുന്ന ആത്മകഥയിൽ , വസ്തുതകൾ മറച്ചു വയ്ക്കുന്നതെന്തിനാണ്?ഇതല്ലേ യഥാർത്ഥ വഞ്ചന? The greatest lier is he who talks most of himself.

ഒരു കാര്യം സംബന്ധിച്ച് എടുക്കുന്ന തീരുമാനവും അതിനായുള്ള അളവുകോലും അവസരത്തിനൊത്തു മാറുന്നതെങ്ങനെ?അതാണോ സത്യം? അതാണോ ന്യായവും നീതിയും? 1990 ലെ ഡിവിഷൻ ബഞ്ചുവിധി, തങ്ങളുടെ സ്ഥാനവും സ്ഥാനത്തിനടുത്ത അധികാരാവകാശങ്ങൾ പ്രയോഗിക്കുന്നതിനെയും അനുഭവിക്കുന്നതിനെയും തടസ്സപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ, തങ്ങളുടെ സ്ഥാനം സാധുവായിരുന്നുവെങ്കിൽ, പിന്നെ കേസിനു പോയത് എന്തിനായിരുന്നു? മലങ്കരസഭയെ കലഹങ്ങളിലേക്കും, അവസാനിക്കാത്ത കേസുകളിലേക്കും തള്ളിയിടുകയല്ലേ അഭിവന്ദ്യ തിരുമേനിയന്നു ചെയ്തത്? അതിന്റെ ഉത്തരവാദിത്വം തനിക്കുമുണ്ടെന്നു 2010 ജൂൺ ലക്കം ഡയോസിഷൻ ബുള്ളറ്റിനിലെഴുതിയ അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയുടെ വാചകങ്ങൾ തന്നെ തെളിവാണ്. തന്റെ സഭാശുശ്രൂഷയൊരു ദൈവവിളിയും നിയോഗവുമാണെന്ന് തിരിച്ചറിഞ്ഞുവെന്ന് എഴുതിയതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ ആദ്യമേ തന്നെ ഈ മഹാപാതകം ഏറ്റുപറയണമായിരുന്നു. അതല്ലാതെ, മുൻകാല ദുഷ്പ്രവർത്തികളെ ന്യായീകരിക്കുകയും, വികലമായ ആഖ്യാനത്തിലൂടെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയുമല്ല ചെയ്യേണ്ടിയിരുന്നത്. കോടതി വിധിയിലൂടെ തങ്ങളുടെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടുകയില്ലെങ്കിൽ പിന്നെ എങ്ങിനെ തുർക്കി ഗവൺമെന്റ് ഫർമാൻ പിൻവലിച്ചതിലൂടെ പരിശുദ്ധ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസിന്റെ സ്ഥാനമാനങ്ങളും മേല്പട്ട നൽവരങ്ങളും നഷ്ടമാകും? അദ്ദേഹം മുടക്കപ്പെട്ടവനെന്നും , പാത്രിയർക്കീസിനടുത്ത സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുവാൻ അവകാശമില്ലെന്നും എന്തിനു ജനങ്ങളെ പഠിപ്പിച്ചു? ഇപ്പോഴും അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയുടെ കീഴിലുള്ള പല പള്ളികളിലെ സണ്ടേസ്കൂളുകളിലും, മറ്റ് ആത്മീയ പ്രസ്ഥാനങ്ങളിലും, പരിശുദ്ധ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് മുടക്കപ്പെട്ടവനാണെന്നും പൗരസ്ത്യ കാതോലിക്കേറ്റും അതിലെ കാതോലിക്കാമാരും, അതിന്റെ കീഴിലുള്ളവരും മുടക്കപ്പെട്ടവരാണെന്നും തന്റെ അനുവാദത്തോടെ പഠിപ്പിക്കുന്നില്ലേ? എന്തായാലും തന്റെ മുൻഗാമികളായ മറ്റു പാത്രിയർക്കീസുമാരുടെ നിരയിൽ, അവരോടൊന്നിച്ചു അന്ത്യവിശ്രമം കൊള്ളുവാൻ പരിശുദ്ധ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസിനു ഭാഗ്യം ലഭിച്ചു. എന്നാൽ, വഞ്ചനയിലൂടെ അദ്ദേഹത്തിന്റെ സ്ഥാനം തട്ടിയെടുത്ത അബ്ദുള്ള പാത്രിയർക്കീസിന്റെ ഗതി എന്തായിരുന്നു? മലങ്കരസഭയിൽ വന്നു കലഹവും ഭിന്നതയും ഉണ്ടാക്കുകയും പല തരത്തിലുള്ള പരാക്രമങ്ങൾ കാണിച്ച് ഇവിടുത്തെ സമ്പത്തു വളരെയധികം തട്ടിയെടുത്തു തിരികെപ്പോയ അദ്ദേഹം, പരിശുദ്ധ മുറിമറ്റത്തിൽ തിരുമേനിയുടെ (ഒന്നാം കാതോലിക്കാബാവയുടെ) ശാപവും പേറി കണ്ണും പൊട്ടി, എവിടെയോ അലഞ്ഞുതിരിഞ്ഞ് എങ്ങിനെയോ ജീവിതമവസാനിപ്പിച്ച് ഏതോ ഒരിടത്ത് മണ്ണോട് ചേർന്നതിന്റെ ചരിത്രം ഏതു എക്യുമെനിക്കൽ കാഴ്ചപ്പാടിൽ ഗവേഷണം നടത്തിയാലും സത്യമല്ലാതായിത്തീരുന്നില്ല. അദ്ദേഹത്തിന്റെ കബറിടം ഭൂമിയിൽ എവിടെയെങ്കിലും ഉള്ളതായി അറിവില്ല. ഇത് ഒന്നാം നൂറ്റാണ്ടിൽ നടന്ന സംഭവമൊന്നുമല്ല.

സുറിയാനി വേദശാസ്ത്രവും പാരമ്പര്യവും ഉപേക്ഷിച്ച് ബൈസന്റിയൻ ചിന്തകൾ കടമെടുത്തു ജീവിക്കുന്നവരാണ് ഇന്ത്യയിലെ ഓർത്തഡോക്സുകാരെന്നും, അതു ശരിയല്ലെന്നും സമർത്ഥിക്കുവാൻ ഭഗീരപ്രയത്നം ചെയ്ത തിരുമേനി ലോകം അറിയുന്ന ശ്രേഷ്ഠഗുരുവും പണ്ഡിതനുമായ ബഹു. വി.സി. ശമുവേൽ അച്ചനേക്കാൾ ജ്ഞാനിയെന്ന് സ്വയം പുകഴ്ത്തിയത് വായിച്ചപ്പോൾ സഹതാപമാണ് തോന്നിയത്. വിശുദ്ധ കുർബാനയിലും മറ്റു കൂദാശകൾ അനുഷ്ഠിക്കുമ്പോഴും അല്ലാത്തപ്പോഴും കാട്ടിക്കൂട്ടുന്ന വിക്രിയകളും പ്രൊട്ടസ്റ്റന്റു ചിന്തകളെ അടിസ്ഥാനമാക്കിയുള്ള വ്യാഖ്യാനങ്ങളുമാണോ സുറിയാനി പാരമ്പര്യം? ദുഃഖവെള്ളിയാഴ്ച കബറടക്ക ശുശ്രൂഷ നടത്തിയ കുരിശ് ഉയർപ്പിക്കാനനുവദിക്കാതെ അതേ ത്രോണോസിൽ വി. കുർബ്ബാന അർപ്പിക്കുകയും, ഉയിർപ്പ് പിന്നത്തെ ഞായറാഴ്ച (പുതുഞായറാഴ്ച) നടത്തുവാൻ മാത്രം ഓർത്തഡോക്സുകാരെ അനുവദിക്കുകയും ചെയ്യുന്നതാണോ അങ്ങയുടെ സുറിയാനി പാരമ്പര്യം? റോമൻ കത്തോലിക്കാ സഭ ചർവ്വിത ചർവ്വണം നടത്തി വിസർജിച്ചത് ഒരു മുത്ത ശ്ശിക്കഥ പോലെ തയ്യാറാക്കി "ഇത് വിശ്വാസത്തിന്റെ കാര്യം" എന്ന പേരിൽ ഇറക്കിയ വിഡ്ഢിത്തരങ്ങളുടെ സമാഹാ

രമാണ് സ്വന്തം അനുചരന്മാരെ പിടിച്ചുനിർത്തിയ ഗ്രന്ഥമെന്ന് എഴുതിക്കണ്ടു. അത് വായിച്ച് ആവേശം പൂണ്ട പാവം അനുയായികളുടെ അവസ്ഥ പരമദയനീയം തന്നെ. ഈ അനുചന്മാരാണോ അങ്ങയുടെ കൂടെയുള്ള പണ്ഡിത സമൂഹം? അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ഇന്നും ഉറച്ചു നിൽക്കുകയാണോ എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിക്ക് ഒഴിഞ്ഞു നിൽപ്പാൻ സാധ്യമല്ല. മലങ്കരസഭയോടും തന്റെ മഹാപുരോഹിതസ്ഥാനത്തോടും ജനങ്ങളോടും ദൈവസന്നിധിയിൽ എന്തെങ്കിലും വിശ്വസ്തത ഉണ്ടെങ്കിൽ, ആത്മാർത്ഥതയുടെ കണിക അല്പമെങ്കിലുമുണ്ടെങ്കിൽ "ഇത് വിശ്വാസത്തിന്റെ കാര്യം" എന്ന സ്വന്തഗ്രന്ഥത്തിൽ എഴുതിയിരുന്നതിൽ താനിപ്പോഴും ഉറച്ചുനിൽക്കുന്നുണ്ടോയെന്ന് പറയേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ അതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ വഞ്ചനയുടെ മുഖംമൂടി ഇവിടുത്തെ ജനങ്ങൾ വലിച്ചുകീറുമെന്നോർക്കുക. എന്തായാലും അതിലെ പഠനങ്ങളുടെ പൊള്ളത്തരം മനസ്സിലാക്കുവാൻ വലിയ ബൗദ്ധികനിലവാരത്തിന്റെ ആവശ്യമൊന്നുമില്ല. വി. വേദപുസ്തകവും ആരാധനാക്രമങ്ങളും ശ്രദ്ധിച്ചു വായിച്ചു നോക്കിയാൽ മതിയാകും. ഇവ പിന്നീട് വിശദമായി പ്രതിപാദിക്കുന്നതാണ്.

എന്തായാലും ബൈസന്റിയൻ ചിന്തകൾ കടമെടുക്കാൻ ഉദ്ദേശമില്ലാതിരുന്ന അഭിവന്ദ്യ തിരുമേനി തന്റെ മേല്പട്ടസ്ഥാന സ്വീകരണത്തിന് തെരഞ്ഞെടുത്ത മെയ് 3 ബൈസന്റിയൻ കലണ്ടർ പ്രകാരം അലക്സന്ത്രിയായിലെ അത്താനാസ്യോസിന്റെ ഓർമ്മദിനമായിരുന്നിട്ടും അതിനു പ്രാധാന്യം നൽകാതെ സുറിയാനി പാരമ്പര്യത്തിൽ തന്നെ ഉറച്ചു നിന്നുകൊണ്ട് പ. മുറിമറ്റത്തിൽ ബാവയുടെ ഓർമ്മയ്ക്കു പ്രാധാന്യം നൽകിയത് പ. മുറിമറ്റത്തിൽ തിരുമേനിയോടുള്ള ആദരവായി കണക്കാക്കാവുന്നതാണ്. ആ ബഹുമാനവും ആദരവും പൂർത്തീകരിച്ചത് ഒന്നാം കാതോലിക്ക (പ. മുറിമറ്റത്തിൽ ബാവ) യുടെ നാമം ആലേഖനം ചെയ്തിരുന്ന ശിലാഫലകം മൂവാറ്റുപുഴ അരമനയിൽ നിന്ന് തല്ലിപ്പൊട്ടിച്ച് നീക്കം ചെയ്തതിലൂടെയും അവിടെ വച്ചിരുന്ന ഛായാചിത്രം കുത്തിക്കീറി നശിപ്പിച്ചതിലൂടെയാണെന്നും കൂടി ചേർക്കേണ്ടതായിരുന്നു. എപ്പോഴും ഓർമ്മിക്കുവാനായി പ. ഔഗേൻ ബാവയുടെ പേര് മൂവാറ്റുപുഴ അരമനയിലെ പട്ടിക്ക് ഇട്ടതുപോലെ പ. മുറിമറ്റത്തിൽ ബാവയുടെ പേര് ഏത് വളർത്തുമൃഗത്തിനാണ് നൽകിയത്? പ. മുറിമറ്റത്തിൽ ബാവയെ കബറടക്കിയതെവിടെയാണെന്ന് തിരുമേനിക്കറിയാമോ? ആ കബറിടം കണ്ടിട്ടുണ്ടോ? ആ പിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ അങ്ങയോ അങ്ങയുടെ കൂടെയുള്ളവരോ ഏതെങ്കിലും കാലത്ത് എപ്പോഴെങ്കിലും സംബന്ധിച്ചിട്ടുണ്ടോ? ആ പിതാവ് സമ്പാദിച്ച സ്ഥലത്താണല്ലോ ഇപ്പോൾ താമസിക്കുന്നത്. ഇവിടെയൊരു ഓർമ്മപ്പിശക് അഭിവന്ദ്യ തിരുമേനിക്ക് വന്നിട്ടുണ്ട്. (നുണ പറഞ്ഞതാണെന്നു വിചാരിക്കുന്നില്ല.) പാത്രിയർക്കിസ് വിഭാഗത്തിലെ കണ്ടനാടിന്റെ മെത്രാപ്പോലീത്തയായിട്ടല്ല, മറിച്ച് അസിസ്റ്റന്റ് ആയിട്ടാണ് അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയെ നിയമിച്ചിരുന്നത്.

"സുപ്രീം കോടതിയിൽ കേസ് പരിഗണിക്കുന്നതിനു മുമ്പുള്ള ഇടവേള സമാധാന ആലോചനകൾക്ക് യോജിച്ച സമയമായി പാത്രിയർക്കീസ് വിഭാഗം വിലയിരുത്തി വിട്ടുവീഴ്ചയ്ക്കു തയ്യാറായിരുന്ന അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തിന്റെ സഭൈക്യതാല്പര്യവും സഹകരണവും വിവേകപൂർവ്വം പ്രയോജനപ്പെടുത്താതെ കാതോലിക്കാപക്ഷം പ്രശ്നപരിഹാരത്തിനു സാദ്ധ്യത നഷ്ടപ്പെടുത്തി.." 2010 ജൂൺ മാസത്തിലെ ഡയോസിഷൻ ബുള്ളറ്റിനിൽ അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി എഴുതിയ ആരോപണമാണ്. എന്ത് നടപടിയാണ് പാത്രിയർക്കീസ് വിഭാഗം സഭൈക്യത്തിനായി ചെയ്തത്? ദിവസവും കാതോലിക്കാപക്ഷത്തെ അപഹസിച്ചുകൊണ്ട് അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയുടെ നേതൃത്വത്തിൽ സാഹിത്യരചനകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയല്ലായിരുന്നോ? മറ്റൊരു കാര്യം ചോദിക്കട്ടെ. കേസിൽ തോൽക്കുമ്പോൾ മാത്രമേ സഭൈക്യതാല്പര്യം ഉണ്ടാകാറുള്ളല്ലോ? അതെന്താണ്? സ്വന്തം നില അപകടത്തിലെത്തുമ്പോൾ മാത്രം ഉണ്ടാകുന്ന ഈ സദാചാരബോധം സഭ പിളർത്തിയപ്പോൾ ഉണ്ടായില്ലല്ലോ. 1958– ൽ ഐക്യദാഹം വലുതായിരുന്നു. പിന്നീട് പന്ത്രണ്ടു വർഷം കഴിഞ്ഞപ്പോൾ ഐക്യത്തിന്റെ ദാഹം ശമിച്ചു. വീണ്ടും 1990 ൽ ഡിവിഷൻ ബഞ്ചുവിധി വന്നപ്പോൾ ഐക്യദാഹവും സഭാസ്നേഹവും തീഷ്ണമായി. ഇതിനിടയിലുണ്ടായിരുന്ന കാലങ്ങളിൽ പാത്രിയർക്കീസ് വിഭാഗത്തിന്റെ ഐക്യദാഹവും സമാധാനത്തിനുള്ള ആഗ്രഹവും സഭാസ്നേഹവും എവിടെയായിരുന്നു? 1980 ൽ പാത്രിയർക്കീസ് വിഭാഗത്തിനു അനുകൂലമായ വിധി വന്നപ്പോൾ ഇവരാരും കേരളത്തിലില്ലായിരുന്നോ? കൊടിയ വിഷം കെട്ടി നിൽക്കും അത് എവിടെയെങ്കിലും കടിച്ചോ കുത്തിയോ ഇറക്കാൻ ശ്രമിക്കുമെന്നുള്ളത് തീർച്ചയാണ്. അതിനു ഏറ്റവും പറ്റിയ വിദ്യ സ്നേഹം, സമാധാനം എന്നുള്ള മുദ്രാവാക്യം മുഴക്കി ആശ്ലേഷിക്കുകയും ആ സമയം

കഠാരി പുറത്തു കുത്തിയിറക്കുകയുമാണ്. ഒരു സുപ്രഭാതത്തിൽ കുറച്ച് മുഷ്കരന്മാർ സാധുവായ ഒരാളുടെ കുറെ ഭൂമിയിൽ പ്രവേശിച്ച് അന്യായമായി അതവകാശപ്പെടുത്തി താമസം തുടങ്ങി. അതിനെതിരായി ഭൂവുടമ കോടതിയിൽ നിന്ന് അന്യായക്കാർക്കെതിരായി വിധി സമ്പാദിക്കുകയും ചെയ്തപ്പോൾ , അന്യായക്കാർ ആ വിധിക്കെതിരെ കോടതിയിൽ അപ്പീൽ നൽകുകയും വിധി വരുന്നതിനിടയിൽ പറയുകയുമാണ് ഞങ്ങൾ വിട്ടുവീഴ്ചയ്ക്ക് തയ്യാറാണ്. എന്താണ് വിട്ടുവീഴ്ച? ഞങ്ങൾ കൈയടക്കിയ ഭൂമിയിൽ കുറച്ചു യഥാർത്ഥ ഉടമസ്ഥന് തിരികെ നൽകി പ്രശ്നപരിഹാരമുണ്ടാക്കാം. തങ്ങൾ അതിന് സന്നദ്ധരാണ്. ഇതുപോലെയായിരുന്നില്ലേ പാത്രിയർക്കീസ് വിഭാഗത്തിന്റെ വിട്ടുവീഴ്ചാ മനോഭാവം?

പിന്നീട് എഴുതിയിരിക്കുന്നത് അതിലും രസാവഹമാണ്. " കേസിൽ പരാജയപ്പെട്ടവരുമായി ഒരൊത്തുതീർപ്പിനുള്ള മനോഭാവം അന്നത്തെ കാതോലിക്കാ കക്ഷി നേതൃത്വം പ്രകടിപ്പിച്ചില്ല. തോറ്റവരെ ഏത്തമിടുവിച്ച് അകത്തു കയറ്റുകയോ, പ്രകോപിപ്പിച്ച് പുറംതള്ളുകയോ ചെയ്ത് പള്ളികൾ, സ്ഥാപനങ്ങൾ എന്നിവ പിടിച്ചെടുക്കുക എന്നതിൽ കവിഞ്ഞ കാഴ്ചപ്പാടൊന്നും അതിനുണ്ടായിരുന്നില്ല..." അഭിവന്ദ്യ തിരുമേനിയൊന്നു ശരിയായി ആത്മപരിശോധന നടത്തി നോക്കിക്കേ. ഈ നോമ്പുകാലത്തെങ്കിലും ഒരു സത്യസന്ധമായ വിലയിരുത്തൽ നടത്തിക്കൂടേ? കാതോലിക്കാ കക്ഷിക്കാരല്ല പാത്രിയർക്കീസുകാരാണീ തിന്മകളെല്ലാം ചെയ്തതെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? ഒരു മെത്രാപ്പോലീത്ത നുണ പറയുന്നുവെന്ന് ഞാനെഴുതുന്നില്ല. അതു ദൈവവും തിരുമേനിയും തമ്മിൽ തീർത്തുകൊള്ളട്ടെ.

ഓർത്തഡോക്സ് വിഭാഗത്തിലെ കാതോലിക്കയും മെത്രാന്മാരും വൈദികരും വിശ്വാസികളും മുടക്കപ്പെട്ടവരാണെന്നും അതിനാൽ ഓർത്തഡോക്സ് സഭയിലെ യാതൊരു വൈദികസ്ഥാനികളുടെയും കൈമുത്തരുതെന്നും അവരെ ഒരു പള്ളിയിൽ പോലും പ്രവേശിപ്പിക്കരുതെന്നും അവർ അർപ്പിക്കുന്ന വിശുദ്ധകുർബ്ബാനയിലോ അനുഷ്ഠിക്കുന്ന മറ്റു കൂദാശകളിലോ സംബന്ധിക്കരുതെന്നും പാത്രിയർക്കീസ് വിഭാഗം ശക്തമായി പഠിപ്പിക്കുകയും, പള്ളികളും അനുബന്ധസ്ഥാപനങ്ങളും കൈവശപ്പെടുത്തുവാൻ അതിനിന്ദ്യവും ഹീനവും പൈശാചികവുമായ തരംതാഴ്ന്ന രീതികൾ അവലംബിച്ചതും പാത്രിയർക്കീസ് വിഭാഗമല്ലേ? അന്നതിന് നൽകിയ പരിശീലനവും പ്രോത്സാഹനവുമല്ലേ, വാളെടുത്തവൻ വാളാൽ എന്ന ചൊല്ല് അന്വർത്ഥമാകത്തക്കവിധത്തിൽ തനിക്കെതിരെ തിരിഞ്ഞു വന്നതും, മൂവാറ്റുപുഴ അരമന കയ്യേറുവാൻ പാതിരാത്രിയിൽ പാത്രിയർക്കീസുകാർ എത്തിയതും? അവിടെ രക്ഷപ്പെടുവാൻ അവസരമൊരുക്കിത്തന്നത് അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി കുറ്റം പറയുന്ന പാവം ഓർത്തഡോക്സുകാരാണെന്നു ഇത്ര വേഗം വിസ്മരിച്ചുപോയോ. തിരുവാങ്കുളം അരമനയിലും മുളന്തുരുത്തി സെമിനാരിയിലും അരങ്ങേറിയതും പഴയ പരിശീലനത്തിന്റെ ഭാഗമല്ലേ?

അക്കാലത്ത് എത്ര വൈദികരെയും വിശ്വാസികളെയും അഭിവന്ദ്യ തിരുമേനിയുടെ കൂടെയുള്ളവർ ഉപദ്രവിച്ചു. അന്നതിനു പ്രോത്സാഹനം നൽകി ഇന്നതു ന്യായീകരിച്ച് പുതിയ വ്യാഖ്യാനവുമെഴുതുന്നു. ഓർത്തഡോക്സ് പക്ഷത്തു ഉറച്ചു നിന്നതിനാലല്ലേ, കണ്ടനാട് ഭദ്രാസനത്തിലെ സാധുവായ ബഹു. മോപ്പനാൽ ഗീവർഗീസച്ചന്റെ താടിക്കു പിടിച്ചു വലിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തത്. എത്ര വൈദികരുടെ മുഖത്തടിച്ചിട്ടുണ്ട്? പറയാനും കേൾക്കാനുമറയ്ക്കുന്ന അസഭ്യം വൈദികരുടെ മേൽ ചൊരിഞ്ഞില്ലേ? അവരുടെ കുപ്പായം വലിച്ചുകീറിയില്ലേ? വിശുദ്ധ കുർബ്ബാനയും മറ്റു കൂദാശകളും അനുഷ്ഠിക്കുന്ന സമയത്ത് അട്ടഹാസവും ആർപ്പുവിളികളുമായി തടസ്സപ്പെടുത്തിയിട്ടില്ലേ? അസഭ്യവർഷവും ആരവങ്ങളും നിമിത്തം രണ്ടു ചെവിയിലും പഞ്ഞി തിരുകി വച്ചുകൊണ്ട് വി. കുർബ്ബാന അർപ്പിക്കേണ്ടതായി വന്നിട്ടുണ്ടെന്ന് ബ. ഞാർത്താങ്കൽ കോരതു മല്പാനച്ചൻ എന്നോട് പറഞ്ഞിട്ടുണ്ട്. മറ്റൊരു വൈദികൻ പറഞ്ഞത് ഇവിടെ കുറിക്കട്ടെ. "വളരെ ഭയത്തോടെയാണ് അക്കാലത്ത് വി. കുർബാന അർപ്പിക്കുവാൻ പള്ളിയിൽ പോയിരുന്നത്. കാരണം, പോയതുപോലെ തിരിച്ചെത്തുവാൻ കഴിയുമെന്ന് യാതൊരു ഉറപ്പുമില്ലായിരുന്നു. അസഭ്യങ്ങളും ആരവങ്ങളും നിമിത്തം വി. കുർബാന മദ്ധ്യേ ത്രോണോസിനോട് ചേർന്ന് യാതൊന്നും ചൊല്ലുവാൻ കഴിയാതെ ഇരിക്കേണ്ടതായി വന്നിട്ടുണ്ട്." സ്വന്തം മാതാപിതാക്കളുടെയും സഹോദരീ സഹോദരങ്ങളുടെയും മറ്റ് ബന്ധുമിത്രാദികളുടെയും മരണാനന്തരശുശ്രൂഷകൾ നടത്താതിരിക്കാനും എന്തിനേറെ പറയുന്നു അതിൽ പങ്കെടുപ്പിക്കാതെയുമിരുന്നിട്ടില്ലേ? സ്വന്തം മക്കളുടെ വിവാഹ കൂദാശയിൽ പോലും പങ്കെടുപ്പിക്കാതെ പള്ളിയുടെ പുറത്ത് ഓർത്തഡോക്സ് വൈദികരെ തടഞ്ഞു നിർത്തിയിട്ടില്ലേ? രാത്രിയിൽ ഓടിളക്കിയും ജനാലയഴി മുറിച്ചും അകത്തുകയറി പള്ളികൾ കൈവശപ്പെടുത്തിയതാരാണ്? കൈലിയുടുത്ത് ബനിയനുമിട്ട് തലയിൽ വട്ടക്കെട്ടുമായി മീശ പിരിച്ച് ഫാൻസി ഡ്രസ് മത്സരത്തിൽ കാണുന്നതുപോലെ വേഷം മാറി പള്ളിക്കുള്ളിൽ കടന്നുകൂടി വി. കുർബാന അർപ്പിക്കുവാൻ ശ്രമിച്ചത്

ആരാണ്? സന്ധ്യമയങ്ങുമ്പോഴും ആളില്ലാത്തപ്പോഴും പാത്തും പതുങ്ങിയും പള്ളിയിൽ അതിക്രമിച്ചു കയറിയ പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാച്ചന്മാരുടെ കൂട്ടത്തിൽ അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയും ഉണ്ടായിരുന്നത് ഇത്രവേഗം വിസ്മരിച്ചുപോയോ? ഇന്നേതായാലും അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി ശരീരം കൊണ്ടെങ്കിലും ഓർത്തഡോക്സ് സഭയിലായി പ്പോയല്ലോ. കൂടെയൊരു ആത്മഗതവും വയലിൽ പറമ്പിൽ തിരുമേനിയുടെ മാതൃകയാണ് സഭാസമാധാനത്തിന് തനിക്ക് പ്രചോദനമായതെന്ന്. ആ പാതയിലൂടെയാണ് മുന്നേറുന്നതെന്നും. ഇതു വായിച്ചപ്പോൾ ഓർമ്മ വന്നത് ബഹുമാന്യനായ സുകുമാർ അഴിക്കോടിന്റെ ഒരു വാചകമാണ്. “മഹാന്മാർ ചരിത്രം സൃഷ്ടിക്കുന്നു. വങ്കന്മാർ ആ വഴി വൃത്തികേടാക്കുന്നു.” (അഴീക്കോടിന്റെ പ്രഭാഷണങ്ങൾ, പേജ് 36)

അങ്ങനെ യാതൊരു രീതിയിലും സമാധാനപരമായി ആരാധന നടത്തുവാൻ സാധിക്കാതെ വന്നപ്പോൾ, ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനി, കാതോലിക്കാ വിഭാഗത്തിലുണ്ടായിരുന്ന വൈദികർക്കും, വിശ്വാസികൾക്കും സമാധാനത്തോടെയും സന്തോഷത്തോടെയും ആരാധന നടത്തുവാൻ പടുത്തുയർത്തിയതാണ് കണ്ടനാട് ഭദ്രാസനത്തിലിന്നു കാണുന്ന കാതോലിക്കേറ്റ് സെന്ററുകൾ. അതൊരു ഇടവകപ്പള്ളിയുടെ മാത്രമോ, ഒരു പ്രത്യേക സ്ഥലത്തുള്ളവരുടെ മാത്രമോ അല്ലായിരുന്നുവെന്ന്, അതിന്റെ ആധാരവും, അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയുടെ വിൽപത്രവും പരിശോധിച്ചാൽ മനസ്സിലാകും. മലങ്കരസഭയിലെ എല്ലാ ഓർത്തഡോക്സ് വിശ്വാസികൾക്കും ആരാധിക്കുവാനായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റിന്റെ കീഴിൽ കണ്ടനാട് ഭദ്രാസനത്തിന്റെ പൊതുസ്വത്താണത്. അന്ത്യോഖ്യാ പാത്രിയർക്കീസുമായി ഏതെങ്കിലും തരത്തിൽ ബന്ധമുള്ളവർക്ക് അവിടെ യാതൊരു അവകാശവുമില്ലെന്ന് വളരെ വ്യക്തമായി എഴുതിവച്ചിട്ടുള്ളതുമാണ്. ഈ കാതോലിക്കേറ്റ് സെന്ററുകൾ തനിക്ക് ഒരു കാലത്തും വേണ്ടയെന്ന് ആണയിട്ടു പറഞ്ഞിട്ടുള്ള അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി (അതിന്റെ സാക്ഷികൾ ഇന്നും ജീവനോടെയിരിപ്പുണ്ട്) അവ കൈവശത്തിലാക്കുവാൻ ഇപ്പോൾ നടത്തുന്ന ഹീനതന്ത്രങ്ങൾ എത്ര തരം താഴ്ന്നതാണ്. കാതോലിക്കേറ്റു സെന്ററുകളുടെ സമീപത്തുള്ള കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ പള്ളിയിലെ കേസുകൾ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വിധിച്ചിട്ടും നടത്തിയെടുക്കാത്തത് ഈയൊരു ദുരുദ്ദേശത്തോടെ അഭിവന്ദ്യ തിരുമേനി നൽകിയ നിർദ്ദേശത്താലല്ലേ? പിറവത്തു നടത്തുന്ന കുതന്ത്രങ്ങൾ ഒരു മേല്പട്ടക്കാരനു ചേർന്നതാണോ? പിറവം വലിയ പള്ളിയിൽ ഓർത്തഡോക്സ് വിഭാഗത്തിനുള്ള സാദ്ധ്യതകൾ ഓരോന്നായി ഇല്ലാതാക്കി, പൂർണ്ണമായും ആ പള്ളി പാത്രിയർക്കീസ് വിഭാഗത്തിലാക്കുവാനും, അതു വഴി തങ്ങൾക്ക് പള്ളിയില്ലായെന്ന് പറഞ്ഞ് പിറവത്തെ കാതോലിക്കേറ്റു സെന്റർ തന്റെ വരുതിയിലാക്കാനുമുള്ള തന്ത്രമല്ലേ ഏറ്റവും പുതിയതായി പിറവത്ത് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. (അതോ തിരികെ പോകുമ്പോൾ ബോണസായി കൊണ്ടുപോകാനോ)

പാത്രിയർക്കീസ് വിഭാഗത്തിന്റെ ക്രൂരതകളെക്കുറിച്ചു പറയുമ്പോൾ അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയുടെ മനസ്സുതകരുന്നതും കണ്ണുനിറയുന്നതും അദ്ദേഹത്തിന്റെ അന്ത്യകാലത്ത് കൂടെയുണ്ടായിരുന്ന ഞാൻ നേരിട്ട് കണ്ടിട്ടുള്ളതാണ്. തന്റെ കൂടെയുള്ള വൈദികരും വിശ്വാസികളും അനുഭവിക്കുന്ന യാതനകളെക്കുറിച്ച് ഓർത്ത് വിലപിക്കാത്ത ഒറ്റ ദിവസവുമുണ്ടായിരുന്നില്ല. അഭിവന്ദ്യ പക്കോമിയോസ് തിരുമേനി താമസിച്ചിരുന്ന വെട്ടിയ്ക്കൽ ദയറ കയ്യേറാൻ ശ്രമിച്ചതും എളുപ്പത്തിൽ മറക്കാനാവില്ലല്ലോ. അന്നത്തെ സഭാശുശ്രൂഷയുടെ മനസാക്ഷിക്കുത്ത് അനുഭവപ്പെടുന്നതിനാലാവാം അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി മുളക്കുളം കർമ്മേൽകുന്ന് പള്ളിയിൽ വന്നാൽ അഭിവന്ദ്യ പക്കോമിയോസ് കബറിടത്തിലേക്ക് പോലും എത്തി നോക്കാതെ മാറിപ്പോകുന്നത്.

ഈ പീഡനങ്ങളും ക്രൂരതകളുമെല്ലാം ക്ഷമിച്ച് സഭയിൽ സമാധാനം നിലനിന്നുകാണുവാനാഗ്രഹിച്ച് അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയെയും മറ്റു മെത്രാപ്പോലീത്തന്മാരെയും സ്നേഹപൂർവ്വം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തതാണോ കണ്ടനാട് ഭദ്രാസനത്തിന്റെയും വൈദികരുടെയും തെറ്റ്? അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി, വിവരമില്ലാത്തവർ എന്നു പറഞ്ഞു ആക്ഷേപിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളുടെയും പ്രത്യേകിച്ച് ഇവിടുത്തെ ഓർത്തഡോക്സുകാരുടെയും വിയർപ്പിന്റെ ഫലമല്ലേ അങ്ങയുടെ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും ഇന്നനുഭവിക്കുന്ന സൗഭാഗ്യങ്ങളും? കുനിഞ്ഞു നിൽക്കുന്നവന്റെ ചുമലിൽ ചവിട്ടി മുകളിലേക്ക് കയറിക്കോ പക്ഷേ ചവിട്ടി താഴ്ത്തരുത്.

(തുടരും)

✤

# വാർത്തകൾ

## പ്രാർത്ഥനായോഗം വാർഷികം

കണ്ടനാട് ഭദ്രാസനത്തിലെ പ്രാർത്ഥനായോഗങ്ങളുടെ വാർഷികസമ്മേളനം മുളക്കുളം കർമ്മേൽകുന്ന് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വച്ചു നടത്തപ്പെട്ടു. ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്നു 1200 (ആയിരത്തിഇരുന്നുറ്) പേരിൽ പരം പ്രതിനിധികൾ പങ്കെടുത്ത യോഗം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ശ്രീ. പി.ജെ. ജേക്കബ് കറ്റാനം മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. ഡോ. ഒ.പി. വർഗീസ് ബൈബിൾ ക്വിസിന് നേതൃത്വം വഹിച്ചു. പ്രാർത്ഥനായോഗം വൈസ് പ്രസിഡന്റ് ഫാ. സി.എം. കുര്യാക്കോസ് സ്വാഗതവും ഭദ്രാസന സെക്രട്ടറി വർഗീസ് കരിപ്പാടം കൃതജ്ഞതയും പറഞ്ഞു. വിവിധമത്സരങ്ങളിൽ വിജയികളായവർക്കു ഭദ്രാസനമെത്രാപ്പോലീത്ത സമ്മാനങ്ങൾ നൽകി. സമ്മേളനത്തിന് ഭദ്രാസനത്തിലെ വൈദികരും അദ്ധ്യാത്മിക സംഘടനാ ഭാരവാഹികളും മുളക്കുളം കർമ്മേൽകുന്ന് ഇടവകയിലെ ഭരണസമിതി അംഗങ്ങളും ആത്മീയ പ്രസ്ഥാനം ഭാരവാഹികളും നേതൃത്വം നൽകി.

## വിവാഹപൂർവ്വ കൗൺസിലിംഗ്

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ അവിവാഹിതരായ യുവതീയുവാക്കൾക്കുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ 2011 ഏപ്രിൽ 11, 12 തീയതികളിൽ കോലഞ്ചേരി മെഡിക്കൽ കോളേജിൽ വച്ച് നടത്തപ്പെട്ടു. 35 യുവതീയുവാക്കൾ പങ്കെടുത്ത കോഴ്സിൽ റവ.ഫാ. ഡോ.ജേക്കബ്ബ് ജോൺ, ഡോ. ഐസക്ക് മത്തായി, ഡോ. മിനി ഐസക്ക്, ഡോ. മെറീന രാജൻ, ശ്രീ. ജെയിംസ് എ.റ്റി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. സമാപന യോഗത്തിൽ ഭദ്രാസന മെത്രാപ്പോലീ അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി സമാപന സന്ദേശം നല്കി.

## സഭാദിനം 2011

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും ഏപ്രിൽ 10-ാം തീയതി ഞായറാഴ്ച സഭാദിനമായി ആചരിച്ചു. രാവിലെ കാതോലിക്കേറ്റ് പതാക ഉയർത്തുകയും വി. കുർബ്ബാന മദ്ധ്യേ സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കും സഭാദിന പ്രതിജ്ഞ എടുക്കുകയും ചെയ്തു.

## മർത്തമറിയം സമാജം



മലങ്കര ഓർത്തഡോക്സ് മർത്തമറിയം സമാജത്തിന്റെ 2010 ലെ മത്സര പരീക്ഷയിൽ അഖില മലങ്കരാടിസ്ഥാനത്തിൽ 2-ാം റാങ്ക് നേടിയ ശ്രീമതി ഷിജി ജോൺ. പാമ്പാക്കുട സെന്റ് ജോൺസ് വലിയ പള്ളി ഇടവകാംഗവും തെക്കുംപറമ്പിൽ ശ്രീ. ജോൺ എബ്രഹാമിന്റെ ഭാര്യയുമാണ്

## മലങ്കര സഭ ഗാനസുഗന്ധി



ഈ വർഷത്തെ മലങ്കര സഭ ഗാനസുഗന്ധിയായി തെരഞ്ഞെടുക്കപ്പെട്ട ഫെമി ഷാജി. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ ആട്ടിൻകുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും സണ്ടേസ്കൂൾ 10-ാം ക്ലാസ് വിദ്യാർത്ഥിയുമാണ്. കരവട്ട് പുത്തൻ പുരയിൽ (പെരിങ്ങാട്ട് പറമ്പിൽ) ഷാജി തോമസും ബേബി ഷാജിയുമാണ് മാതാപിതാക്കൾ. കൂത്താട്ടുകുളം സി.എം.ഐ. പബ്ലിക് സ്കൂളിലെ 10-ാം ക്ലാസ് വിദ്യാർത്ഥിനിയായ ഫെമി ഇതിന് മുമ്പ് സോണൽ തലത്തിൽ സംഗീതത്തിന് (ജൂനിയർ വിഭാഗം) 2006-2007 വർഷങ്ങളിൽ രണ്ടാം സമ്മാനവും 2009-2010 വർഷങ്ങളിൽ ഒന്നാം സമ്മാനവും കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ 2007, 2008, 2009 വർഷങ്ങളിൽ സ്കൂൾ തലത്തിൽ കലാതിലകമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്



അഭി. ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്ത
( പുത്തൻകാവിൽ കൊച്ചുതിരുമേനി)
ഏപ്രിൽ 17



അഭി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത
(പാമ്പാടി തിരുമേനി)
ഏപ്രിൽ 5



കണ്ടനാട് വെസ്റ്റ് ഭദ്രാസന പ്രാർത്ഥനയോഗം വാർഷിക സമ്മേളനം
അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു






The Official Organ of Kandanad West Diocese of Malankara Orthodox Syrian Church
Published from The Diocesan Office, Mar Pachomios Mount, Meempara, Puthencruz, Ernakulam - 682 308
Chief Editor: Rev. Fr. Jose Thomas Poovathumkal, Printed at Printa Multicolor Offset Press, Kolenchery